**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നിയമസഭാ നടപടികൾ – സംഗ്രഹം**

**2012 ജൂൺ 25 തിങ്കൾ**

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(രാവിലെ 8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**അടിയന്തര പ്രമേയം**

**വിലക്കയറ്റം**

മി. സ്പീക്കർ: സംസ്ഥാനത്ത് വിലക്കയറ്റം ദു:സഹമാവുകയും പൊതുവിതരണ സമ്പ്രദായവും പൊതുകമ്പോളത്തിലിടപെടാനുള്ള നടപടികളും ദുർബലമാവുകയും ചെയ്തതിനാൽ പാവപ്പെട്ടവരും സാധാരണക്കാരും വിലക്കയറ്റം താങ്ങാൻ കഴിയാതെ ദുരിതത്തിലും ആശങ്കയിലും അകപ്പെട്ടിരിക്കുന്നതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. സി. ദിവാകരൻ, എ.കെ. ബാലൻ, മാത്യു ടി. തോമസ്, കോവൂർ കുഞ്ഞുമോൻ, എ.കെ. ശശീന്ദ്രൻ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സംസ്ഥാനത്ത് അമിത വിലക്കയറ്റം ഉണ്ടാകാതിരിക്കാൻ അടിയന്തര നടപടികൾ സ്വീകരിച്ചി ട്ടുണ്ട്. വിലക്കയറ്റത്തിന്റെ സൂചനകൾ കണ്ടുതുടങ്ങിയപ്പോൾത്തന്നെ ഗവൺമെന്റ് വിവിധ ഏജൻസികൾവഴി വിപണിയിൽ ഇടപെടുകയും സപ്ലൈകോയും ഹോർട്ടികോർപ്പും സംയുക്തമായി എഴുപത് ഔട്ട്ലെറ്റുകൾ അടിയന്തരമായി ആരംഭിച്ച് 30 ശതമാനം വിലക്കുറവിൽ പച്ചക്കറികൾ വിപണിയിലെത്തിക്കുകയും ചെയ്തിട്ടുണ്ട്. വിലക്കയറ്റം നിയന്ത്രിക്കാൻ തുടങ്ങിയ വിപണികൾ ഓണംവരെ തുടരുവാൻ ഉദ്ദേശിക്കുന്നുണ്ട്. അരിയുടെ വില വർദ്ധിച്ചതിനുപിന്നിൽ ഏതെങ്കിലും തരത്തിലുള്ള പൂഴ്ത്തി വയ്പ്പ് നടന്നിട്ടുണ്ടോയെന്ന് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. അരിയുടെ വില നിയന്ത്രണവിധേയമാക്കുവാൻ 16 രൂപയ്ക്ക് കൊടുക്കുന്ന 10 കിലോ അരിയുടെ തോത് ആവശ്യമെങ്കിൽ വർദ്ധിപ്പിക്കുന്നതാണ്. മാവേലി സ്റ്റോറുകൾവഴി 50 ശതമാനം വിലക്കുറവിൽ വിതരണം ചെയ്യുന്ന 13 ഇനം നിത്യോപയോഗ സാധനങ്ങൾ എല്ലാവർക്കും ലഭ്യമാകുവാൻ റേഷൻ കാർഡുകൾവഴി പരിമിതപ്പെടുത്തുന്നതാണ്. ഇതിന്റെ തോത് വർദ്ധി പ്പിക്കാനും മാർക്കറ്റ് വിലയേക്കാൾ 20 ശതമാനം കുറച്ചുവിൽക്കാനും ഉദ്ദേ ശിക്കുന്നുണ്ട്. വിലക്കയറ്റം നിയന്ത്രിക്കാൻ ഗവൺമെന്റ് ശക്തമായി വിപ ണിയിൽ ഇടപെട്ടിട്ടുണ്ട്. അരിക്കടകൾ ആരംഭിക്കുന്ന കാര്യവും പരിശോധി ക്കുന്നതാണ്.

ശ്രീ. സി. ദിവാകരൻ: സംസ്ഥാനത്തെ ജനങ്ങൾ വിലക്കയറ്റം കാരണം പൊറുതിമുട്ടുകയാണ്. ഒരു മാസത്തിനുള്ളിൽ കേരളത്തിൽ

ഭക്ഷ്യവസ്തുക്കളുടെ വിലയിൽ 147 ശതമാനം വരെ വർദ്ധനവുണ്ടായതായി കണക്കുകൾ സൂചിപ്പിക്കുന്നു. ഇത് നിയന്ത്രിക്കാൻ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾക്ക് കഴിയുന്നില്ലെന്ന് മാത്രമല്ല അവരുടെ നയങ്ങൾ വിലക്ക യറ്റത്തിന് സഹായകരമാവുകയാണ് ചെയ്യുന്നത്. കഴിഞ്ഞ ഒരു വർഷത്തി നകം 13 പ്രാവശ്യം പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലവർദ്ധനവുണ്ടാ യപ്പോഴും സംസ്ഥാന ഗവൺമെന്റ് നികുതി വേണ്ടെന്ന് തീരുമാനി ച്ചുവെങ്കിലും ടാക്സി-ബസ്-ഓട്ടോ ചാർജ്ജുകളും വൈദ്യുതി സർച്ചാർജ്ജും വർദ്ധിപ്പിച്ച് വിലക്കയറ്റത്തെ പ്രോത്സാഹിപ്പിക്കുകയാണ് ചെയ്തത്. ഇന്ന് വിലക്കയറ്റത്തിൽ കേരളം ഇൻഡ്യയിൽ മൂന്നാം സ്ഥാന ത്തെത്തിയിരിക്കുന്നു. റേഷൻ കടകൾ വഴി കിട്ടിക്കൊണ്ടിരുന്ന നിത്യോപ യോഗ സാധനങ്ങളുടെയും മണ്ണെണ്ണയുടെയും വിഹിതം കേന്ദ്ര ഗവൺമെന്റ് വെട്ടിക്കുറയ്ക്കുകയും ഗോതമ്പ് വിതരണം പൂർണ്ണമായി നിർത്താൻ തീരുമാ നിക്കുകയും ചെയ്തിരിക്കുകയാണ്. മണ്ണെണ്ണവിഹിതം വെട്ടിക്കുറച്ച നടപടി തീരപ്രദേശങ്ങളിലെ മൽസ്യത്തൊഴിലാളികളെ കൊടുംപട്ടിണിയിലേയ്ക്ക് നയിച്ചിരിക്കുകയാണ്. കേരളത്തിൽ 85 ശതമാനം ഭക്ഷ്യസാധനങ്ങളും അന്യസംസ്ഥാനങ്ങളിൽ നിന്നും വരുത്തേണ്ട സ്ഥിതിവിശേഷമായതിനാൽ പ്രതിവർഷം 4000 കോടിയോളം രൂപ അന്യസംസ്ഥാനങ്ങളിലേയ്ക്ക് പോകു ന്നു. പാവപ്പെട്ടവർക്ക് നിത്യോപയോഗ സാധനങ്ങളും ഭക്ഷ്യസാധനങ്ങളും വിതരണം ചെയ്യാൻ ഫലപ്രദമായി യാതൊരു നടപടിയും സ്വീകരിക്കാൻ ഈ ഗവൺമെന്റിന് സാധിക്കുന്നില്ല. ഈ വകുപ്പിന്റെ പ്രവർത്തനം കാര്യ ക്ഷമമാണോ എന്ന് പരിശോധിക്കണം. സപ്ലൈകോയിലെ ഇ-ടെൻഡർ സംവിധാനം അട്ടിമറിക്കാനുള്ള സമീപനമാണ് ഇപ്പോൾ സ്വീകരിച്ചുകൊണ്ടി

രിക്കുന്നത്. അരി, പച്ചക്കറി, പയർവർഗ്ഗങ്ങൾ തുടങ്ങിയ നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കാൻ സപ്ലൈകോയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ സാമ്പത്തികസഹായം നൽകാനും എസ്സെൻഷ്യൽ കമ്മോഡിറ്റീസ് ആക്ട് പ്രകാരം കരിഞ്ചന്തക്കാരേയും പൂഴ്ത്തിവയ്പുകാരേയും കണ്ടെത്തി ജയിലിലടയ്ക്കാനും നടപടിയുണ്ടാകണം. എഫ്.സി.ഐ.യുടെ ഗോഡൗണുകളിൽ ഭക്ഷ്യസാധനങ്ങൾ കെട്ടിക്കിടന്ന് നശിക്കുന്നത് ഒഴിവാക്കാനും കേന്ദ്രഗവൺമെന്റിന്റെ തെറ്റായ നയം തിരുത്താനും കഴിയണം. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ചചെയ്യണം.

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): ശക്തമായ നിലയിൽ വിപണിയിൽ ഇടപെട്ട് നിത്യോപയോഗ സാധാനങ്ങളുടെ വില കുറയ്ക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. കേരളത്തിലെ വിലസൂചിക ദേശീയ ശരാശരിയേക്കാൾ കുറവാണ്. മുൻ സർക്കാർ നിറുത്തലാക്കിയ റേഷൻ കടകൾ വഴിയുള്ള 13 ഇനം സാധനങ്ങളുടെ വിതരണം പുനരാരംഭിച്ചിട്ടുണ്ട്. മണ്ണെണ്ണയും ഗോതമ്പും റേഷൻകടകൾവഴി വിതരണം ചെയ്യുന്നുണ്ട്. മത്സ്യമേഖലയ്ക്കുള്ള മണ്ണെണ്ണ വിഹിതം കുറച്ചിട്ടില്ല. എൽ.പി.ജി, വൈദ്യുതി കണക്ഷനുകൾ എന്നിവ കൂടിയപ്പോൾ ആനുപാതികമായി സാധാരണക്കാർക്കുള്ള മണ്ണെണ്ണ വിതരണം കുറച്ചിട്ടുണ്ട്. ഒരു രൂപയ്ക്ക് 25 കിലോ അരി മുടക്കം കൂടാതെ നൽകുന്നതിനും അരിക്കടകൾ തുടങ്ങാനും തീരുമാനിച്ചിട്ടുണ്ട്. ഇ-ടെണ്ടർ സംവിധാനം തുടരുന്നതാണ്. സുതാര്യമായ പ്രവർത്തനത്തിലൂടെ സപ്ലൈകോ വഴി അവശ്യസാധനങ്ങൾ വിതരണം നട

ത്താൻ കഴിയുന്നുണ്ട്. അതുകൊണ്ട് ഈ പ്രശ്നം സഭാനടപടികൾ നിറുത്തി വച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): പ്രതിപക്ഷം യാഥാർത്ഥ്യബോധ ത്തോടുകൂടി പ്രശ്നത്തെ കാണാൻ ശ്രമിക്കണം. കേന്ദ്രഗവൺമെന്റ് പെട്രോ ളിന്റെ വില വർദ്ധിപ്പിച്ചപ്പോൾ അതിനെ എതിർക്കുകയും അധികനികുതി വേണ്ടെന്നുവയ്ക്കുകയും ചെയ്ത ഗവൺമെന്റാണിത്. സംസ്ഥാനത്ത് വില ക്കയറ്റമുണ്ടായിട്ടുണ്ടെന്ന് സമ്മതിക്കുന്നു. കൺസ്യൂമർ ഫെഡറേഷൻ, സിവിൽ സപ്ലൈസ് കോർപ്പറേഷൻ, വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, ഹോർട്ടികോർപ്പ് തുടങ്ങിയ ഏജൻസികൾ വഴി ബിഗ്ബസാർ ഉൾപ്പെടെ നിരവധി സ്റ്റോറുകളും സ്റ്റാളുകളും ആരംഭിച്ച് പച്ചക്കറി വിലകു റച്ച് നൽകുന്നുണ്ട്. ഓണം വരെ ഈ പച്ചക്കറി സ്റ്റാളുകളും സ്റ്റോറുകളും തുടരുന്നതാണ്. ഏപ്രിൽ, മേയ് മാസങ്ങളിൽ വേനൽമൂലം തമിഴ്നാട്ടിൽ പച്ച ക്കറി ഉൽപ്പാദനം 50 ശതമാനം കുറഞ്ഞതുകൊണ്ട് സ്വാഭാവികമായും വില വർദ്ധിക്കാൻ ഇടയുണ്ട്. ഈ ഒരു മാസത്തിൽ 1650 മെട്രിക് ടൺ പച്ചക്കറി ഹോർട്ടികോർപ്പ്, വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ എന്നിവ വഴി വിറ്റഴിക്കുകയും 1,10,00,000 രൂപ സബ്സിഡിയായി നൽകുകയും ചെയ്തിട്ടുണ്ട്. സർക്കാരിന്റെ ഇടപെടൽകൊണ്ട് പച്ചക്കറി യുടെ വില കഴിഞ്ഞ വർഷം ഈ സമയം വിറ്റിരുന്ന നിരക്കിൽ എത്തിക്കാൻ സാധിച്ചിട്ടുണ്ട്. ബി.പി.എൽ. റേറ്റിൽ 1,69,000 ടൺ അരിയും ആവശ്യാനു സരണം ഗോതമ്പും തരാമെന്ന് കേന്ദ്ര സർക്കാർ സമ്മതിച്ചിട്ടുള്ളതിനാൽ അരിയുടെയും ഗോതമ്പിന്റെയും കാര്യത്തിൽ ബുദ്ധിമുട്ടില്ലാതെ വിതരണം മുന്നോട്ടുകൊണ്ടുപോകുന്നതാണ്. എ.പി.എൽ.-കാർക്ക് 15 കിലോഗ്രാം

അരി താൽക്കാലികമായി വിതരണം ചെയ്തിരുന്നത് സ്ഥിരം സംവിധാന മാക്കാൻ തീരുമാനിച്ചിട്ടുണ്ട്. മിനിമം സപ്പോർട്ട് പ്രൈസിന്റെ അടിസ്ഥാ നത്തിൽ അരി തരാനും കേന്ദ്രം തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് നേരിടാൻ സർക്കാർ സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഈ വിഷയം സഭാനടപടി കൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവണ്മെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി.എസ്. അച്ചുതാനന്ദൻ, സി. ദിവാകരൻ, മാത്യു ടി. തോമസ്, എ.എ. അസീസ്, എ.കെ. ശശീന്ദ്രൻ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയ ശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

<u>ശ്രദ്ധക്ഷണിക്കൽ</u>

(1) <u>പ്ലസ് വൺ പ്രവേശനം</u>

<u>ശ്രീമതി പി. അയിഷാ പോറ്റി</u> : കേരള സിലബസിൽ പഠിച്ച് പത്താം ക്ലാസ് പൊതുപരീക്ഷ എഴുതി എല്ലാ വിഷയങ്ങൾക്കും എ-പ്ലസ് വാങ്ങിയ കുട്ടികൾ പ്ലസ് വൺ പ്രവേശനത്തിന്റെ ട്രയൽ അലോട്ട്മെന്റ് ലിസ്റ്റിൽ ഒഴിവാക്കപ്പെടുകയും സ്ക്കൂൾ തലത്തിൽ മാത്രം പരീക്ഷ എഴുതി വരുന്ന CBSE , ICSE സിലബസ്സിൽ പഠിച്ച കുട്ടികൾ ലിസ്റ്റിൽ ഉൾപ്പെടുകയും ചെയ്തി രിക്കുകയാണ്. കേരള സിലബസ് പഠിച്ചുവരുന്ന മിടുക്കരായ മുഴുവൻ കുട്ടികൾക്കും ബോണസ് മാർക്ക് നൽകി ഗവൺമെന്റ് സ്ക്കൂളുകളിൽ

അഡ്മിഷൻ നൽകാനും ബാച്ചുകളുടെ എണ്ണം വർദ്ധിപ്പിക്കാനും നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്) : 2012-2013 അദ്ധ്യയന വർഷത്തെ ഹയർ സെക്കണ്ടറി പ്രവേശനത്തിനായുള്ള ട്രയൽ അലോട്ട്മെന്റിൽ ഗ്രേഡ് പോയിന്റ് കണക്കാക്കുമ്പോൾ ഫോർമുലപ്രകാരം സംസ്ഥാന സിലബസ് പഠിച്ച വിദ്യാർത്ഥികൾ CBSE, ICSE സ്കീമിൽ പഠിച്ച വിദ്യാർത്ഥികളെക്കാൾ പുറകിലായത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ ന്യൂനത പരിഹരിക്കുന്നതിനായി ഗ്രേഡ് പോയിന്റ് കണക്കാക്കുന്ന തിനുള്ള ഫോർമുലയിൽ വ്യത്യാസം വരുത്തി തുല്യപരിഗണന നൽകി യിട്ടുണ്ട്. ആദ്യ അലോട്ട്മെന്റിനുശേഷമുള്ള സ്ഥിതിഗതികൾ വിലയിരു ത്തുമ്പോൾ സംസ്ഥാന സിലബസിൽ പഠിച്ച് ഉയർന്ന ഗ്രേഡ് നേടിയ വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിക്കാത്ത സാഹചര്യം ഉണ്ടായിട്ടില്ല. 26.6.2012-ന് നടക്കുന്ന രണ്ടാമത്തെ അലോട്ട്മെന്റിനുശേഷം മാത്രമേ പ്രവേശനം സംബന്ധിച്ച് വ്യക്തമായ കണക്കുകൾ ലഭിക്കുകയുള്ളൂ. ആദ്യഘട്ടം അലോട്ട്മെന്റിൽ 14,836 കുട്ടികളാണ് CBSE , ICSE സിലബസി ലുള്ളത്. സംസ്ഥാന സിലബസിൽ പഠിച്ച് ഉയർന്ന ഗ്രേഡ് നേടിയ കുട്ടികൾക്ക് പ്ലസ് വൺ പ്രവേശനം ലഭിക്കാത്ത സാഹചര്യം നിലവിലില്ല. ബോണസ് മാർക്ക് നൽകാൻ കഴിയില്ല.

## (2) കൃഷിസ്ഥലങ്ങൾ നികത്തുന്നതുവഴി പാരിസ്ഥിതിക അസന്തുലിതാവസ്ഥയും കാർഷിക മേഖലയുടെ തകർച്ചയും

ശ്രീ. ടി.എൻ. പ്രതാപൻ: സംസ്ഥാനത്ത് വയലുകൾ ഉൾപ്പെടെയുള്ള കൃഷിസ്ഥലങ്ങൾ നികത്തുന്നതുവഴി ഉണ്ടാകുന്ന പാരിസ്ഥിതിക അസന്തുലി

താവസ്ഥയും കാർഷിക മേഖലയുടെ തകർച്ചയും തടയുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം. കേരളത്തിലെ മുഖ്യനെല്ലുൽപ്പാദന മേഖലകളെല്ലാം ഇന്ന് ഗുരുതരമായ ഭീഷണി നേരിട്ടുകൊണ്ടിരിക്കുകയാണ്. നെൽകൃഷി വികസനത്തിനായി കോടിക്കണക്കിന് രൂപ സർക്കാർ ചെലവാക്കിയിട്ടും വിവിധ കാരണങ്ങളാൽ നെൽകൃഷിയും നെല്ലുൽപാദനവും കുറഞ്ഞുകൊണ്ടിരിക്കുകയാണ്. കർഷകനെ നെൽകൃഷി രംഗത്ത് പിടിച്ചു നിർത്തുവാൻ കഴിയാത്ത കാരണങ്ങൾ കണ്ടെത്തി നടപടി സ്വീകരിക്കുന്നതോടൊപ്പം മണ്ണും വെള്ളവും സംരക്ഷിക്കാനുള്ള ശാസ്ത്രീയമായ നയങ്ങൾ ലംഘിക്കുന്നവർക്ക് കടുത്ത ശിക്ഷയും ഉറപ്പാക്കണം. വ്യവസായവൽക്കരണത്തിന്റെ പേരിൽ നെൽപ്പാടങ്ങളും തണ്ണീർത്തടങ്ങളും ഇല്ലാതാക്കുന്ന നടപടി അവസാനിപ്പിക്കണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി <u>(ശ്രീ. കെ.പി. മോഹനൻ)</u>: 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം നെൽവയലുകളും തണ്ണീർത്തടങ്ങളും പരിവർത്തനപ്പെടുത്തുകയും രൂപാന്തരപ്പെടുത്തുകയും ചെയ്യുന്നത് നിയന്ത്രിക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും രൂപീകരിച്ചിട്ടുള്ള പ്രാദേശികതല നിരീക്ഷണ സമിതികൾക്ക് നിയമലംഘനം സംബന്ധിച്ച വിവരങ്ങൾ റവന്യൂ ഡിവിഷണൽ ഓഫീസർക്ക് റിപ്പോർട്ട് ചെയ്യുന്നതിന് അധികാരമുണ്ട്. അനധികൃതമായി നികത്തപ്പെട്ട നെൽവയലുകൾ പൂർവ്വസ്ഥിതിയിലാക്കുവാൻ ജില്ലാ കളക്ടർമാർ നടപടികൾ സ്വീകരിച്ചുവരുന്നു. നിലംനികത്തലിൽ ഏർപ്പെടുന്നവരുടെ പേരിൽ പോലീസ് നടപടികൾ സ്വീകരിക്കുകയും വാഹനങ്ങൾ പിടിച്ചെടുത്ത് പിഴ ഈടാക്കുകയും ചെയ്തുവരുന്നു. നിയമം ലംഘിച്ച് പരി

വർത്തനപ്പെടുത്തുന്ന നെൽവയലുകളും തണ്ണീർത്തടങ്ങളും സംബന്ധിച്ച് കൃഷി ഓഫീസറുടെ റിപ്പോർട്ടിൻമേൽ റവന്യു ഡിവിഷണൽ ഓഫീസർമാർ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. മുൻകാലത്ത് വയൽ നികത്തി വീട് വച്ചിരുന്ന സ്ഥലങ്ങൾ വയൽ എന്ന് ആധാരങ്ങളിൽ കാണപ്പെടുന്നതിനാൽ വീട് വയ്ക്കുന്നതിന് ആളുകൾക്ക് ഓണർഷിപ്പ് സർട്ടിഫിക്കറ്റ് ലഭിക്കാത്ത അവസ്ഥ പരിഹരിക്കുന്നതിന് നിയോഗിച്ച ക്യാബിനറ്റ് സബ്കമ്മിറ്റി ഇക്കാര്യം പരിശോധിക്കുന്നതും ആധാരത്തിൽ പറമ്പ് എന്നാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്.

<u>സബ്മിഷൻ</u>

(1) <u>സബ്ട്രഷറി</u>

<u>ശ്രീ. സി.പി. മുഹമ്മദ്</u> : പട്ടാമ്പി നിയോജകമണ്ഡലത്തിൽ കൊപ്പം ആസ്ഥാനമായി ഒരു സബ്ട്രഷറി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി <u>(ശ്രീ. കെ.എം. മാണി)</u> : മാനദണ്ഡങ്ങൾക്കുള്ളിൽനിന്നുകൊണ്ട് കൊപ്പത്ത് സബ്ട്രഷറി ആരംഭിക്കുന്നതിനെക്കുറിച്ച് സർക്കാർ ആലോചിക്കുന്നതാണ്.

(2) <u>വായനാശീലം വളർത്തുന്നതിന് ഗ്രേസ് മാർക്ക്</u>

<u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ</u> : വായനാശീലം പ്രോത്സാഹിപ്പിക്കുന്നതിന് പാഠ്യപദ്ധതിയിലുൾപ്പെടുത്തുന്നതിനും എസ്.എസ്.എൽ.സി., പ്ലസ്ടു ക്ലാസുകളിൽ വായനയ്ക്ക് പ്രത്യേക ഗ്രേസ് മാർക്ക് കൊടുക്കുന്നതിനും നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി <u>(ശ്രീ. പി.കെ. അബ്ദു റബ്ബ്)</u> : സാമൂഹ്യ ആശയ നിർമ്മാണം എന്ന സൈദ്ധാന്തിക തലത്തെ അടിസ്ഥാനപ്പെടുത്തി

നടത്തുന്ന ക്ലാസ്മുറികളിലെ പഠനപ്രവർത്തനത്തിൽ കുട്ടികൾക്ക് അധിക വായനയ്ക്കും ഗ്രൂപ്പ് ചർച്ചകൾക്കും സാധിക്കുന്നതാണ്. 'സ്കൂളുകളിൽ ക്ലാസ് ലൈബ്രറി' എന്ന ആശയം മിക്കവാറും സ്കൂളുകളിൽ നടപ്പിലാക്കി ത്തുടങ്ങിയിട്ടുണ്ട്. ഹയർ സെക്കണ്ടറി സ്കൂളുകളിലും ലൈബ്രറികൾ തുടങ്ങുന്നതിനുള്ള പദ്ധതി നിലവിലുണ്ട്. കുട്ടികളുടെ വായനാശീലം ഫലപ്രദമായി വിലയിരുത്തുവാനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചെങ്കിൽ മാത്രമേ ഗ്രേസ് മാർക്ക് അനുവദിക്കാൻ സാധിക്കുകയുള്ളൂ. വായനാശീലം വർദ്ധിപ്പിക്കുന്നതിന് വായനാദിനം ആവിഷ്കരിക്കുന്നതും ക്ലാസ് മുറിക ളിലെ കണ്ടിന്യൂവസ് ഇവാല്യുവേഷന്റെ പരിധിയിൽ കൊണ്ടുവരു ന്നതുമാണ്. ഇതിനായി നിലവിലുള്ള സംവിധാനങ്ങൾക്ക് പുറമെ എന്തൊക്കെ ചെയ്യാൻ പറ്റുമെന്ന് സർക്കാർ പരിശോധിക്കുന്നതാണ്.

(3) ഐ.ആർ.സി. കരാർ

ശ്രീ. എ.എ. അസീസ് : കശുവണ്ടി വ്യവസായത്തിലെ ജീവനക്കാരുടെ ശമ്പളം സംബന്ധിച്ച കരാർ പുതുക്കിയെങ്കിലും ധനകാര്യ വകുപ്പിന്റെ അനുവാദം വേണമെന്ന കാരണത്താൽ നടപ്പാക്കിയിട്ടില്ലാത്ത സാഹചര്യ ത്തിൽ എത്രയുംവേഗം ശമ്പള പരിഷ്കരണം നടപ്പിലാക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): കശുവണ്ടി വ്യവസായ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ശമ്പ ള പരിഷ്ക്കരണം ധനകാര്യവകുപ്പ് അംഗീകരിച്ചിട്ടുണ്ട്. ഈ സ്ഥാപന ങ്ങളിലെ ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം സംബന്ധിച്ച ഐ.ആർ.സി.

കരാർ അടുത്ത ക്യാബിനറ്റ് മീറ്റിംഗിൽ പരിഗണിച്ച് വ്യവസായ വകുപ്പ് നടപ്പിലാക്കുന്നതാണ്.

(4) ചെയിൻ സർവ്വീസും പെട്രോൾ പമ്പും ആരംഭിക്കുന്നതിന് നടപടി

ശ്രീ. ഇ.കെ. വിജയൻ: തൊട്ടിൽപ്പാലം ഡിപ്പോയിൽ നിന്നുള്ള കെ.എസ്.ആർ.ടി.സി.-യുടെ ലോംഗ് സർവ്വീസുകൾ പുനഃസ്ഥാപിക്കുകയും വടകര-തൊട്ടിൽപ്പാലം ചെയിൻ സർവ്വീസ് ആരംഭിക്കുകയും ഈ ഡിപ്പോയിലെ ഗ്യാരേജ് കെട്ടിടത്തിന്റെയും പെട്രോൾ പമ്പിന്റെയും പ്രവർത്തനം കാര്യക്ഷമമാക്കുകയും ചെയ്യണം.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): വടകര-തൊട്ടിൽപ്പാലം ചെയിൻ സർവ്വീസ് തുടങ്ങാൻ 6 ബസ്സുകൾ അനുവദിച്ചിരുന്നെങ്കിലും ബസ്സുകളുടെയും ജീവനക്കാരുടെയും അപര്യാപ്തത നിമിത്തം സാധിച്ചിട്ടില്ല. പലസ്ഥലത്തും ചെയിൻ സർവ്വീസുകൾ നഷ്ടത്തിലായതിനാൽ ഒരു സ്റ്റഡി നടത്തി വാഹനങ്ങളുടെ ലഭ്യതയനുസരിച്ച് നാഷണലൈസ്ഡ് റൂട്ട്, ലോംഗ് റൂട്ട്, ബാക്കിയുള്ള സ്ഥലങ്ങൾ എന്നിങ്ങനെ ബസ്സുകൾ അനുവദിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഫ്യുവൽ സ്റ്റേഷന്റെ കാര്യം പരിഗണനയിലുണ്ട്.

(5) മണലൂർ ഫയർ സ്റ്റേഷൻ

ശ്രീ. പി. എ. മാധവൻ: മണലൂർ നിയോജകമണ്ഡലത്തിൽ വാടാനപ്പള്ളിയിലോ മണലൂർ പഞ്ചായത്തിലോ ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു ഫയർ സ്റ്റേഷൻ അനുവദിക്കാൻ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): മണലൂരിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് സ്ഥലവും കെട്ടിടവും ലഭ്യമാക്കിയാൽ നടപടിയുണ്ടാകുന്നതാണ്.

(6) വൈക്കത്ത് ഫയർ സ്റ്റേഷൻ

ശ്രീ. കെ. അജിത്: വൈക്കത്ത് ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): വൈക്കത്ത് ഫയർ സ്റ്റേഷൻ തുടങ്ങാൻ ഉദ്ദേശിക്കുന്ന സ്ഥലം വെള്ളം കെട്ടിനിൽക്കുന്നതും ചതുപ്പുനിറഞ്ഞതുമായതിനാൽ അതിന് പരിഹാരം കണ്ടതിനുശേഷം മാത്രമേ ബാക്കി കാര്യങ്ങളിലേയ്ക്ക് പോകാൻ സാധിക്കുകയുള്ളൂ.

(7) പാലം നിർമ്മാണം

ശ്രീ. എസ്. രാജേന്ദ്രൻ : മൂന്നാർ ടൗൺ പാലം പുനർനിർമ്മിക്കുന്നതിന് ഹൈക്കോടതിയിൽനിന്ന് പ്രത്യേക അനുവാദം ലഭ്യമാക്കുന്നതിന് സർക്കാരിന്റെ ഭാഗത്തുനിന്ന് ആവശ്യമായ ഇടപെടലുണ്ടാകണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിംകുഞ്ഞ്) : മൂന്നാർ ടൗൺ പാലത്തിന്റെയും അപ്രോച്ച് റോഡുകളുടെയും നിർമ്മാണത്തിനായി കൺസ്ട്രക്ഷൻ കോർപ്പറേഷൻ അഞ്ച് ശതമാനം അധികരിച്ച നിരക്കിൽ ടെണ്ടർ അംഗീകരിച്ച് നൽകിയിട്ടുണ്ട്. പ്രസ്തുത പാലം നിർമ്മാണത്തിനെതിരെ ഹൈക്കോടതിയിൽ നിലവിലുള്ള കേസ്സിൽ അഡ്വക്കേറ്റ് ജനറലിന്റെ അഭിപ്രായം തേടിയശേഷം പാലം യാഥാർത്ഥ്യമാക്കുന്നതിനുള്ള എല്ലാ ശ്രമങ്ങളും നടത്തുന്നതാണ്.

## (8) സംരക്ഷണ ഭിത്തി നിർമ്മാണം

ശ്രീ. സാജു പോൾ : റോഡുകളുടെ വിപുലീകരണത്തിന് സൗജന്യമായി സ്ഥലം വിട്ടുനൽകുന്നവരുടെ മതിൽ നിർമ്മിച്ചു നൽകുന്നതിനും റോഡുകളുടെ ഓരംചേർന്നുള്ള ബി.എസ്.എൻ.എൽ. കേബിൾ, വാട്ടർ സപ്ലൈ പൈപ്പ്, ഇലക്ട്രിസിറ്റി പോസ്റ്റ് മുതലായ യൂട്ടിലിറ്റി സംവിധാനങ്ങൾ മാറ്റി സ്ഥാപിക്കുന്നതിനുമുള്ള സംവിധാനം ഉണ്ടാക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിംകുഞ്ഞ്) : റോഡിനും മറ്റും സൗജന്യമായി സ്ഥലം നൽകുന്നവരുടെ മതിലുകളും മറ്റ് യൂട്ടിലിറ്റി സംവിധാനങ്ങളും ഗവൺമെന്റ് ചെലവിൽ മാറ്റിവയ്ക്കുന്നതിനും പ്രസ്തുത ചെലവ് പദ്ധതിയുടെ ഭാഗമായി വകയിരുത്തുന്നതിനുമുള്ള നടപടി പുതിയ റോഡ് നയത്തിൽ ഉൾപ്പെടുത്തുന്നതാണ്.

## (9) ചെക്ക് ഡാമിന്റെ നിർമ്മാണം

ഡോ. എൻ. ജയരാജ് : കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലുള്ള കുളത്തൂർമൂഴിക്ക് സമീപം മണിമലയാറിനുകുറുകെ പുതിയ ചെക്ക് ഡാം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലുള്ള കുളത്തൂർമൂഴിക്ക് സമീപം മണിമലയാറിനു കുറുകെ തടയണ പണിയുന്നതിന് 1 കോടി 5 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുള്ളതാണ്. പ്രസ്തുത ജോലിയുടെ മണ്ണ് പരിശോധന പൂർത്തിയാക്കി 2010-ലെ ഷെഡ്യൂൾ റേറ്റ് പ്രകാരം പുതുക്കിയ എസ്റ്റിമേറ്റ് ഒരു കോടി 85 ലക്ഷം രൂപയുടേതാണ്. റവന്യൂ വകുപ്പുമായി ആലോചിച്ച് റിവർ

മാനേജ്മെന്റ് ഫണ്ടിൽനിന്നും എത്രയുംപെട്ടെന്ന് പുതുക്കിയ എസ്റ്റിമേറ്റിന് അംഗീകാരം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(10) 'സ്പിരിറ്റ്' സിനിമയ്ക്ക് വിനോദ നികുതിയിളവ്

ശ്രീ. പി.സി. വിഷ്ണുനാഥ് : നാടിനെ ബാധിക്കുന്ന സാമൂഹ്യ വിപത്തായ മദ്യപാനത്തിനെതിരെയുള്ള സന്ദേശം ജനങ്ങളിൽ എത്തിക്കുന്ന 'സ്പിരിറ്റ്' എന്ന സിനിമയെ വിനോദ നികുതിയിൽനിന്നും ഒഴിവാക്കാൻ തയ്യാറാകണം.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം.കെ. മുനീർ) : കലാമൂല്യവും സാമൂഹ്യ പ്രതിബദ്ധതയും പ്രകടിപ്പിക്കുന്ന 'സ്പിരിറ്റ്' എന്ന ചലച്ചിത്രം കാണാൻ പ്രോത്സാഹിപ്പിക്കുന്നത് ഉചിതമായിരിക്കും. മദ്യാസക്തിക്കെതിരെ സമൂഹ മനഃസാക്ഷിയെ ഉണർത്താൻ സഹായകമായ 'സ്പിരിറ്റ്' എന്ന ചിത്രത്തിന് നികുതി ഒഴിവാക്കി കൊടുക്കാൻ തീരുമാനിക്കുകയാണ്. ഈ സിനിമയുടെ അണിയറ പ്രവർത്തകരെ അഭിനന്ദിക്കുന്നു.

മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

റിപ്പോർട്ട് സമർപ്പണം

2012-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യ രക്ഷാസേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

ധനകാര്യം

**2012–13 സാമ്പത്തിക വർഷത്തേയ്ക്കുളള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും**

**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) : താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.**

**ധനാഭ്യർത്ഥന നമ്പർ XIV – സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും (206,71,80,000 രൂപ.)**

**ധനാഭ്യർത്ഥന നമ്പർ XXIX - കൃഷി (1358,85,24,000 രൂപ)**

**ധനാഭ്യർത്ഥന നമ്പർ XXXI - മൃഗസംരക്ഷണം (250,09,87,000 രൂപ)**

**പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.**

**ധനാഭ്യർത്ഥന നമ്പർ XV – പൊതുമരാമത്ത് (2972,81,63,000 രൂപ.)**

**വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ) : പ്രമേയങ്ങളെ പിന്താങ്ങുന്നു.**

**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിക്കുവേണ്ടി കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) : സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയേയും കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയേയും മൃഗസംരക്ഷണം എന്ന XXXI-ാം**

നമ്പർ ധനാഭ്യർത്ഥനയേയും പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന ചട്ടം 236(3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്തു വയ്ക്കുന്നു.

(സർവ്വശ്രീ. എ. കെ. ബാലൻ, കോടിയേരി ബാലകൃഷ്ണൻ, ബാബു എം. പാലിശ്ശേരി, വി. ചെന്താമരാക്ഷൻ, കെ. ദാസൻ, ബി. ഡി. ദേവസ്സി, എളമരം കരീം, കെ. രാധാകൃഷ്ണൻ, പുരുഷൻ കടലുണ്ടി, കെ. കെ. നാരായണൻ, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ), കെ. കുഞ്ഞിരാമൻ (ഉദുമ), കോലിയക്കോട് എൻ. കൃഷ്ണൻ നായർ, ആർ. രാജേഷ്, രാജു എബ്രഹാം, സി. കെ. സദാശിവൻ, ബി. സത്യൻ, വി. ശിവൻകുട്ടി, കെ. വി. വിജയദാസ്, ഇ. ചന്ദ്രശേഖരൻ, കെ. രാജു, പി. തിലോത്തമൻ, വി. ശശി, ചിറ്റയം ഗോപകുമാർ, സി. ദിവാകരൻ, എം. ഹംസ, എസ്. രാജേന്ദ്രൻ, പി. ശ്രീരാമകൃഷ്ണൻ, പ്രൊഫ. സി. രവീന്ദ്രനാഥ്, ശ്രീമതിമാർ കെ. കെ. ലതിക, കെ. എസ്. സലീഖ, പി. അയിഷാ പോറ്റി എന്നീ അംഗങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.)

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. വർഷങ്ങളായി മുടങ്ങിക്കിടക്കുന്നതും സർക്കാരിന്റെ നൂറുദിന പരിപാടിയിൽ ഉൾപ്പെടുത്തിയതുമായ കല്ലറ, പാങ്ങോട്, പുല്ലമ്പാറ, പനവൂർ, വെമ്പായം എന്നീ പഞ്ചായത്തുകളിലെ വാട്ടർ സപ്ലൈ സ്കീമുകൾ പൂർത്തിയാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം. ഭരണാനുമതി ലഭിച്ച കല്ലറ-നന്ദിയോട് പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന ചെല്ലഞ്ചി പാലത്തിന്റെ ലാന്റ് അക്വിസിഷൻ നടപടി പൂർത്തിയാക്കുകയും അപ്രോച്ച് റോഡിനുള്ള തുക സപ്ലിമെന്ററി ഗ്രാന്റിൽ ഉൾപ്പെടുത്തുകയും വേണം.

തിരുവനന്തപുരം-ചെങ്കോട്ട റോഡിലെ ഇരുമ്പുപാലത്തിന്റെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യാൻ അടിയന്തര നടപടി സ്വീകരിക്കണം. നിയോജകമണ്ഡലങ്ങളിൽ ചെറിയ ചെറിയ വർക്കുകൾക്ക് വേണ്ടിവരുന്ന ചല്ലി 100 ക്യൂബിക് മീറ്ററിന് മുകളിലുണ്ടെങ്കിൽ സി.ടി.ഇ.-യുടെ ക്ലിയറൻസ് വാങ്ങണമെന്നുള്ള സർക്കാർ ഉത്തരവ് പുന:പരിശോധിക്കണം. രണ്ട് കോടി രൂപയ്ക്ക് മുകളിലുള്ള റോഡ് വർക്കുകൾക്ക് ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് സമർപ്പിക്കണമെന്ന നിബന്ധനയിൽ മാറ്റംവരുത്താനും റിയൽ എസ്റ്റിമേറ്റ് വാങ്ങിച്ചുകൊണ്ട് അടിയന്തരമായി എ.എസ്. നൽകാനുമുള്ള നടപടി സ്വീകരിക്കണം. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ കാർഷിക രംഗത്തെ തെറ്റായ നയങ്ങളുടെ ഫലമായി ഉൽപാദനം കുറയുകയും ഉൽപാദനച്ചെലവ് വർദ്ധിക്കുകയും കാർഷിക ഉൽപന്നങ്ങളുടെ വിലയിടിയുകയും ചെയ്യുന്നത് കർഷരെ ആത്മഹത്യയിലേയ്ക്ക് നയിക്കുമെന്നതിനാൽ അതിന് അടിയന്തര പരിഹാരം കാണണം. കാർഷികോൽപ്പന്നങ്ങളുടെ വില നിശ്ചയിക്കുന്നതിൽ കർഷകരെക്കൂടി പങ്കാളികളാക്കണം. രാസവളങ്ങളുടെ വില വർദ്ധിക്കുന്നതിനെതിരെ സബ്സിഡി നൽകാൻ തയ്യാറാകണം. സംഭരിച്ച നെല്ലിന്റെ വില കർഷകർക്ക് നൽകാൻ നടപടി സ്വീകരിക്കണം. കൊപ്രസംഭരണം ശരിയായ രീതിയിൽ നടപ്പാക്കണം. റബ്ബർ കൃഷിക്കാരെ സംരക്ഷിക്കാൻ നടപടിയുണ്ടാകണം. കുരുമുളക് കൃഷിയുടെ ദ്രുതവാട്ട രോഗം തടയുന്നതിനും പാൽ, മുട്ട എന്നിവയുടെ ഉൽപാദനം വർദ്ധിപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കണം. ഹൈടെക്ക് കൃഷി കൃഷിക്കാർക്ക് പ്രയോജനപ്രദമാക്കണം. അച്ചടി വകുപ്പ് കാലോചിതമായി പരിഷ്ക്കരിക്കണം.

<u>ശ്രീ. ടി.എൻ. പ്രതാപൻ:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കഴിഞ്ഞ ഒരു വർഷക്കാലമായി വികസനവും കരുതലും മുഖമുദ്രയാക്കി വളരെ സൂക്ഷ്മതയോടെയുള്ള പ്രവർത്തനവുമായിട്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. എ.എസ്.-ഉം ടി.എസ്.-ഉം കിട്ടി ടെൻഡർ ചെയ്ത വർക്കുകൾ മോണിട്ടർ ചെയ്യാനുള്ള സംവിധാനമുണ്ടാക്കിയത് പ്രവൃത്തികൾ മുന്നോട്ടുകൊണ്ടുപോകാൻ സഹായകമായി. നിശ്ചിത കാലാവധിക്കുള്ളിൽ പൂർത്തിയാക്കാൻ സാധിക്കാത്ത വർക്കുകളുടെ ഷെഡ്യൂൾ നിയോജക മണ്ഡലാടിസ്ഥാനത്തിൽ തയ്യാറാക്കി പൂർത്തിയാക്കണം. പി.ഡബ്ല്യു.ഡി., എൻ.എച്ച്. റോഡ് വർക്കുകൾ മഴക്കാലത്തിനുമുമ്പേ പൂർത്തിയാക്കാൻ കഴിഞ്ഞത് പ്രശംസനീയമാണ്. ഗ്രാമീണ റോഡുകളുടെ ശോച്യാവസ്ഥ പരിഹരിക്കാൻ നടപടി സ്വീകരിക്കണം. പി.ഡബ്ല്യു.ഡി. റോഡുകളെ ഗുണമേന്മയുള്ളവയാക്കിമാറ്റാനും അതുവഴി ആവർത്തനച്ചെലവ് കുറയ്ക്കാനും സാധിക്കണം. വാട്ടർ അതോറിറ്റി, ബി.എസ്.എൻ.എൽ. എന്നിവ വെട്ടിപ്പൊളിക്കുന്ന റോഡുകൾ സമയബന്ധിതമായി പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കണം. പി.ഡബ്ല്യു.ഡി. റോഡുകളിലെ കയ്യേറ്റങ്ങൾ ഒഴിവാക്കണം. റോഡ് വികസനത്തിനായി സ്ഥലമേറ്റെടുക്കുന്ന നടപടി സമയബന്ധിതമായി പൂർത്തീകരിക്കണം. നാഷണൽ ഹൈവേ-പി.ഡബ്ല്യു.ഡി. റോഡുകളിൽ അനധികൃതമായി ബോർഡുകളും ഹോൾഡിംഗ്സും പ്രകാശം കൂടിയ ലൈറ്റുകളും സ്ഥാപിക്കുന്നതിന് നിയന്ത്രണമേർപ്പെടുത്തണം. എൻഡോസൾഫാൻ ദുരന്തത്തിൽ മരിച്ചവരുടെ ആശ്രിതർക്കുള്ള ആശ്വാസ പദ്ധതിയെക്കുറിച്ച് വ്യക്തമാക്കണം. കാസർഗോഡ് ഗവൺമെന്റ് ആശുപത്രിയിൽ എൻഡോസൾഫാൻ ദുരിതബാധിതർക്കുവേണ്ടി കൂടുതൽ ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന്

കൃഷി വകുപ്പിന്റെ മേൽനോട്ടമുണ്ടാകണം. ദേശീയ മനുഷ്യാവകാശ കമ്മീഷൻ ആവശ്യപ്പെട്ട സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി സ്ഥാപിക്കുക, മരിച്ചവരുടെ കടം എഴുതിത്തള്ളുക എന്നിവയുൾപ്പെടെയുള്ള കാര്യങ്ങളിൽ കൃഷി വകുപ്പ് ഇടപെടണം. പ്ലാച്ചിമടയിലെ ജനങ്ങൾക്ക് കൊക്കക്കോള കമ്പനി കൊടുക്കേണ്ട നഷ്ടപരിഹാരം സംബന്ധിച്ച് നിയമസഭ പാസ്സാക്കിയ പ്രമേയത്തിന്റെ അടിസ്ഥാനത്തിലുള്ള നടപടികൾ സ്വീകരിക്കണം. ജനിതക മാറ്റം വരുത്തിയ നെൽവിത്ത് കേരളത്തിൽ കൃഷി ചെയ്യാൻ നടത്തുന്ന ശ്രമങ്ങളെ ചെറുക്കണം. എൻഡോസൾഫാൻ ദുരിതബാധിതരെ സഹായിക്കുന്നതിന് ഈ ഗവൺമെന്റ് ശക്തമായ നിലപാട് സ്വീകരിച്ചിട്ടുണ്ട്. 'നിറവ്' എന്ന സമഗ്ര ഭക്ഷ്യസുരക്ഷ പദ്ധതിയും 'വിത്തുമുതൽ വിപണി വരെ' എന്ന മഹത്തായ ആശയവും കേരളത്തിലെ മുഴുവൻ നിയോജകമണ്ഡലങ്ങളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനും ഹൈടെക്ക് മോഡൽ ഡയറി ഫാമുകൾ ആരംഭിക്കാനും നടപടി സ്വീകരിക്കണം.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ നയം കാർഷിക മേഖല നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഉതകുന്നതല്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കർഷക ആത്മഹത്യ വർദ്ധിച്ചിരിക്കുകയാണ്. യൂറിയ ഒഴികെ 22 ഇനം രാസവളങ്ങൾക്ക് രണ്ട് വർഷത്തിനിടയിൽ വില ക്രമാതീതമായി വർദ്ധിപ്പിച്ചിരിക്കുന്നതിനെതിരെ നടപടി സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല. രാജ്യത്ത് ഭക്ഷ്യധാന്യങ്ങൾ ഉൾപ്പെടെയുള്ള ഉൽപ്പന്നങ്ങൾ സംഭരിക്കുന്നതിലും വില നിശ്ചയിക്കുന്നതിലും നിശ്ചിതസമയത്ത് വില നൽകുന്നതിലും സർക്കാർ കാണിക്കുന്ന അനാസ്ഥമൂലം കാർഷികമേ

ഖല തകരുകയാണ്. നിരോധിച്ച കീടനാശിനികൾ ഉപയോഗിക്കുന്നില്ലെന്ന് ഉറപ്പുവരുത്തണം. കേരളത്തെ ഓർഗാനിക് കൃഷിയിലേയ്ക്ക് കൊണ്ടുവരുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും ഇതുമൂലം കർഷകർക്കുണ്ടാകുന്ന നഷ്ടം നികത്താൻ എന്താണ് ചെയ്യാൻ പോകുന്നതെന്നും വ്യക്തമാക്കണം. കാസർഗോഡ് ജില്ലയിലെ കവുങ്ങ് കർഷകർക്ക് പ്രഖ്യാപിച്ച സഹായം നൽകണം. കുട്ടനാട് പാക്കേജുമായി ബന്ധപ്പെട്ട് എത്ര കോടി രൂപയുടെ ഡി.പി.ആർ. കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടെന്നും എത്ര പ്രോജക്ടിന് അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും എത്ര തുക ഇതിനായി കിട്ടിയിട്ടുണ്ടെന്നും വ്യക്തമാക്കണം. കൃഷി, മൃഗസംരക്ഷണം, ഫിഷറീസ് എന്നീ മേഖലകൾക്ക് കേന്ദ്ര ഗവൺമെന്റ് നിഷ്ക്കർഷിച്ചിട്ടുള്ള തുക നൽകണം. എൻഡോസൾഫാൻ ദുരന്തബാധിതരുടെ പ്രശ്നങ്ങൾക്ക് അടിയന്തര പരിഹാരമുണ്ടാക്കണം. കർഷകന് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കണം. പശുവളർത്തൽ എൻ.ആർ.ഇ.ജി.-യിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കണം. കാലിത്തീറ്റ സബ്സിഡി എല്ലാ കർഷകർക്കും ലഭ്യമാക്കണം. എല്ലാ കർഷകർക്കും മുട്ടക്കോഴികൾ ലഭ്യമാക്കാനും മൃഗാശുപത്രികളിൽ ഗുണനിലവാരമുള്ള മരുന്നുകൾ ലഭ്യമാക്കാനും നടപടി സ്വീകരിക്കണം. കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസ് യൂണിവേഴ്സിറ്റിയിൽ മുഴുവൻ സമയ വൈസ്ചാൻസലറെ നിയമിക്കുകയും മൃഗസംരക്ഷണ വകുപ്പ് ശാസ്ത്രീയമായി പുനഃസംഘടിപ്പിക്കുകയും ചെയ്യണം.

ശ്രീ. സി. മോയിൻകുട്ടി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഈ ഗവൺമെന്റിന് എല്ലാ മേഖലകളിലും മാതൃകാപരമായ ഭരണം കാഴ്ചവയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. വയനാടുമായി ബന്ധപ്പെട്ട് എൻ.എച്ച്.-212 റോഡിന്റെ പണി പൂർത്തിയാക്കാനും പൊതുമരാമത്ത് വകുപ്പുവഴി എല്ലാ

എം.എൽ.എ.-മാർക്കും 5 കോടി രൂപ വീതം വികസന ഫണ്ട് നൽകാനും കോഴിക്കോട് നഗരത്തിൽ മോണോറെയിൽ പദ്ധതി ആരംഭിക്കാനും എ.ഡി.ബി. സഹായത്തോടുകൂടി അന്താരാഷ്ട്ര നിലവാരമുള്ള റോഡുകളുടെ പ്രാരംഭപ്രവർത്തനം നടത്താനും കഴിഞ്ഞത് സ്വാഗതാർഹമാണ്. കാർഷികമേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണണം. നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടയാൻ മാർക്കറ്റിൽ ശക്തമായി ഇടപെടണം. കാലാവസ്ഥാ വ്യതിയാനംമൂലം കൃഷിനാശം സംഭവിക്കുന്നവർക്ക് ധനസഹായം ലഭ്യമാക്കാനും പാട്ടക്കൃഷി സംവിധാനം ത്വരിതപ്പെടുത്താനും കാർഷികരംഗത്ത് ഉദാരമായ വ്യവസ്ഥകൾകൊണ്ടുവരാനും രാസവള വിലവർദ്ധനവ് പിടിച്ചുനിർത്താനും തയ്യാറാകണം. നാളികേര കൃഷിരംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ കേരകർഷക സംഘടനകളുടെ യോഗം വിളിച്ച് തീരുമാനമെടുക്കണം. ഇളനീർ പാർലർ യാഥാർത്ഥ്യമാക്കണം. നാളികേരത്തിന് മെച്ചപ്പെട്ട വിലകിട്ടുന്നതിനായി പഞ്ചായത്ത് തലത്തിൽ സംഭരണ കേന്ദ്രങ്ങളുണ്ടാകണം. നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് പരിഹരിക്കാൻ കഴിയണം. നെൽകൃഷി മേഖലയിൽ പ്രത്യേകശ്രദ്ധ പതിപ്പിക്കുകയും ഗ്രൂപ്പ് ഫാമിംഗ് സാക്ഷാത്ക്കരിക്കുകയും ചെയ്യണം. ക്ഷീരകർഷക മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുകയും കന്നുകാലി രോഗങ്ങൾ ചികിത്സിക്കുന്നതിനാവശ്യമായ ഡോക്ടർമാരെ നിയമിക്കുകയും കാലിത്തീറ്റയ്ക്ക് സബ്സിഡി അനുവദിക്കുകയും ചെയ്യണം.

<u>ശ്രീമതി ജമീലാ പ്രകാശം</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. രാജ്യത്ത് കർഷക ആത്മഹത്യ വർദ്ധിക്കാൻ പ്രധാന കാരണം കേന്ദ്ര

സർക്കാർ 1991–ൽ കൊണ്ടുവന്ന നവലിബറൽ സാമ്പത്തിക നയമാണ്. സഹകരണ പ്രസ്ഥാനങ്ങളും പ്രാഥമിക കാർഷിക വായ്പാസംഘങ്ങളും കർഷകർക്ക് സംരക്ഷണവും സഹായങ്ങളും നൽകുന്നതുകൊണ്ടാണ് കർഷക ആത്മഹത്യാനിരക്ക് കേരളത്തിൽ കുറഞ്ഞിരിക്കുന്നത്. നെല്ല്, നാളികേരം, ഇഞ്ചി, ഏലം, അടയ്ക്കാ, കുരുമുളക് തുടങ്ങിയ വിളകൾ കൃഷി ചെയ്യുന്ന കർഷകർ ദുരിതം അനുഭവിക്കുകയാണ്. ഉയർന്ന കൂലിയും തൊഴിലാളികളുടെ അപര്യാപ്തതയുംമൂലം ചെറുകിട നാളികേര കർഷകർ അനുഭവിക്കുന്ന പ്രയാസങ്ങൾക്ക് പരിഹാരം കാണാനും നാളികേര ഉൽപ്പാദനം വർദ്ധിപ്പിക്കാനും കാറ്റുവീഴ്ചപോലുള്ള രോഗങ്ങൾക്ക് പ്രതിവിധി കണ്ടെത്താനും നടപടിയുണ്ടാകണം. കൊപ്രസംഭരണം നടത്താൻ കേരഫെഡ്ഡിനും മാർക്കറ്റ്ഫെഡ്ഡിനും ആവശ്യമായ സഹായം നൽകണം. സംസ്ഥാനത്തെ കൃഷിക്കാരുടെ എണ്ണവും കൃഷിയിടങ്ങളുടെ വിസ്തൃതിയും കുറയുന്നതിന് കാരണംകണ്ടെത്തി അവ പരിഹരിക്കണം. ഇറക്കുമതി ചെയ്ത അടയ്ക്കയുടെ തീരുവയും വിലനിയന്ത്രണവും കേന്ദ്ര സർക്കാർ എടുത്തുകളഞ്ഞതുമൂലം അടയ്ക്കാ കർഷകർ അനുഭവിക്കുന്ന ദുരിതത്തിന് പരിഹാരം കാണണം. അടയ്ക്കയുടെ വിലവ്യതിയാനവും പാൻപരാഗിന്റെ വിൽപ്പന നിരോധനവുംമൂലം അടയ്ക്കാ കർഷകർ പ്രതിസന്ധിയിലായ സാഹചര്യം കണക്കിലെടുത്ത് അടയ്ക്കയുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിന് ഗവേഷണങ്ങളും അന്വേഷണങ്ങളും നടത്തണം. നെൽവയലുകളുടെ വിസ്തീർണ്ണം കുറയുന്നത് തടയണം. ആറന്മുളയിൽ നെൽവയൽ നികത്തി സ്വകാര്യമേഖലയിൽ വിമാനത്താവളം നിർമ്മിക്കാനുള്ള നീക്കം തടയണം. 2007–ൽ കേന്ദ്ര സർക്കാർ അനുമതി കൊടുത്ത

കുട്ടനാടൻ പാക്കേജിന്റെ പ്രാരംഭപ്രവർത്തനങ്ങൾ പൂർത്തിയാക്കണം. സംഭരിച്ച നെല്ലിന് കർഷകർക്ക് കൊടുക്കാനുള്ള കുടിശ്ശിക അടിയന്തരമായി നൽകണം. മാംസം, പാൽ, മുട്ട, പഴം, പച്ചക്കറി എന്നിവ സംസ്ഥാനത്തുതന്നെ ഉൽപ്പാദിപ്പിക്കാൻ കഴിയണം. നിർമ്മാണ മേഖലയിലെ പ്രതിസന്ധി പരിഹരിക്കണം. പ്ലാസ്റ്റിക് ഉപയോഗിച്ചുകൊണ്ട് ടാറിംഗ് നടത്തുന്നതിനുള്ള നിർദ്ദേശം പ്രാവർത്തികമാക്കണം. കഴക്കൂട്ടം- കോവളം ബൈപ്പാസിനുവേണ്ടി അക്വയർ ചെയ്ത ഭൂമിയുടെ ഉടമകൾക്ക് അർഹമായ നഷ്ടപരിഹാരം നൽകണം.

<u>ശ്രീ. മോൻസ് ജോസഫ്:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കാർഷിക മേഖലയുടെ ഉന്നമനത്തിനും അടിസ്ഥാന സൗകര്യ വികസനങ്ങൾക്കും മുൻഗണനന കൊടുക്കുന്ന ഗവണ്മെന്റിന്റെ പ്രവർത്തനങ്ങൾ സ്വാഗതാർഹമാണ്. പുതിയ കാർഷിക സംസ്കാരം വളർത്തുന്നതിന്റെ ഭാഗമായി ഹൈടെക് അഗ്രിക്കൾച്ചർ യാഥാർത്ഥ്യമാക്കിയതിലൂടെ പുതിയ തലമുറയെ ആകർഷിക്കാനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സാധിക്കുന്നതാണ്. നാളികേര കൃഷിയുടെ പ്രതിസന്ധി തരണം ചെയ്യുന്നതിന് സമഗ്ര നാളികേര കൃഷി സംരക്ഷണം ഉറപ്പു വരുത്തണം. വിലക്കയറ്റം മറികടക്കണമെന്ന സർക്കാർ തീരുമാനം സ്വാഗതാർഹമാണ്. നെല്ല് സംഭരണത്തിന് സ്ഥിരംസംവിധാനം ഏർപ്പെടുത്താനും കർഷക സമിതികളെ പുന:സംഘടിപ്പിക്കാനും കപ്പ അടക്കമുള്ള കാർഷിക ഉല്പന്നങ്ങൾക്ക് ന്യായവില ഉറപ്പുവരുത്താനും നടപടി സ്വീകരിക്കണം. പാൽ, മുട്ട ഇവയുടെ ഉത്പാദനം വർദ്ധിപ്പിക്കാനുള്ള തീരുമാനം സ്വാഗതാർഹമാണ്. റോഡുകളുടെ സ്ഥിതി മെച്ചപ്പെടുത്തിയതിലൂടെ അടിസ്ഥാനമേഖല ശക്തിപ്പെടുത്താൻ സാധിച്ചു. പൊതുമരാമത്ത് മാന്വൽ പരിഷ്ക്കരിച്ചതും റോഡ്

പോളിസി യാഥാർത്ഥ്യമാക്കിയതും ഇ-ടെണ്ടറും ഇ-പേമെന്റും ഏർപ്പെടുത്തിയതും സ്വാഗതാർഹമാണ്. ദേശീയപാതാ വികസനം യാഥാർത്ഥ്യമാക്കാൻ സ്വീകരിക്കുന്ന നടപടികളെ അഭിനന്ദിക്കുകയാണ്. കെ.എസ്.ടി.പി.യുടെ രണ്ടാംഘട്ട പ്രവർത്തനം ഈ വർഷം ആരംഭിക്കാൻ കഴിയണം. കടുത്തുരുത്തി ബൈപ്പാസിനായി ഏറ്റെടുത്ത ഭൂമിയുടെ നോട്ടിഫിക്കേഷൻ വിലയിൽ മാറ്റംവരുത്താനും ന്യായവില നൽകാനും സർക്കാർ തയ്യാറാകണം. മാതൃകാപരമായി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരെ പ്രോൽസാഹിപ്പിക്കുന്നതിനായി സംസ്ഥാനാടിസ്ഥാനത്തിൽ പ്രത്യേക പുരസ്ക്കാരം ഏർപ്പെടുത്തണം.

<u>ശ്രീ. ബാബു എം. പാലിശ്ശേരി</u> : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കൃഷി ഒരു വ്യവസായമാക്കി പാരിസ്ഥിതിക ഇക്കോ വ്യവസ്ഥ തകർത്തത് കാർഷിക മേഖലയെ സാരമായി ബാധിച്ചിട്ടുണ്ട്. 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നടപ്പാക്കാൻ നടപടി സ്വീകരിക്കണം. തൃശ്ശൂർ കോൾ വികസന ഏജൻസിയേയും പൊന്നാനി കോൾ വികസന ഏജൻസിയേയും ഒരുമിപ്പിച്ചുകൊണ്ട് കൃഷിക്കാരുമായും പാടശേഖര കമ്മിറ്റിയുമായും ചർച്ച ചെയ്ത് കേന്ദ്ര സഹായത്തോടെയുള്ള 429 കോടി രൂപയുടെ പദ്ധതിയിൽ വേണ്ടമാറ്റങ്ങൾ വരുത്തി പ്രാവർത്തികമാക്കണം. കുന്നംകുളം നിയോജകമണ്ഡലത്തിൽ കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് പണിപൂർത്തീകരിച്ച സിവിൽ സ്റ്റേഷന് വൈദ്യുതി കണക്ഷൻ ലഭ്യമാക്കണം. പുതുതായി പണിയുന്ന റോഡുകൾക്ക് അഞ്ച് വർഷക്കാലത്തെ ഗ്യാരന്റി ഉറപ്പുവരുത്തണം. കുന്നംകുളം നിയോജകമണ്ഡലത്തിലെ കാലപ്പഴക്കംചെന്ന വലിയ പൈപ്പ് ലൈനുകൾ മാറ്റിസ്ഥാപിക്കാൻ

അടിയന്തര നടപടി സ്വീകരിക്കണം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പ്രഖ്യാപിച്ച ബസ്ബേ നിർമ്മാണം നടപ്പിലാക്കണം. കെ.എസ്.ടി.പി. രണ്ടാംഘട്ട പണികളിൽ പെരിമ്പിലാവ്–നിലമ്പൂർ റോഡിന് മുൻഗണന നൽകണം. തിരൂർ–പൊന്നാനി–താനൂർ മേഖലയിലെ വളവുകൾ മാറ്റാൻ നടപടി സ്വീകരിക്കണം. കുന്നംകുളം നിയോജകമണ്ഡലത്തിൽ റദ്ദാക്കിയ ബസ് സർവ്വീസുകൾ പുനഃസ്ഥാപിക്കണം. വർക്കുകൾ ഏറ്റെടുക്കുമ്പോൾ അൻപത് ലക്ഷം രൂപയ്ക്കകത്തുവരുന്ന പത്തെണ്ണം എന്നരീതിയിൽ നിജപ്പെടുത്തണം. വർഗ്ഗീയതയെ പ്രോത്സാഹിപ്പിക്കരുത്.

<u>ശ്രീ. വി. പി. സജീന്ദ്രൻ:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കാർഷിക സമ്പൽസമൃദ്ധിയുടെ തിരിച്ചുവരവിന് യു.ഡി.എഫ്. ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ സഹായകരമായിട്ടുണ്ട്. പച്ചക്കറി വികസന പദ്ധതിപ്രകാരം ഉൽപാദനം വർദ്ധിപ്പിക്കുന്നതിനാൽ വാണിജ്യാ ടിസ്ഥാനത്തിൽ കൃഷിവ്യാപനം നടത്താനും ഹൈടെക് അഗ്രിക്കൾച്ചർ പദ്ധതി, നാളികേര വികസന പദ്ധതികൾ എന്നിവയുടെ നടത്തിപ്പിലൂടെ സ്വയംപര്യാപ്തത കൈവരിക്കാനും സാധിക്കും. പ്രകൃതിക്ഷോഭവും വന്യമൃഗങ്ങളുടെ ആക്രമണവുംമൂലം കൃഷിനാശം സംഭവിക്കുന്ന കർഷ കർക്ക് നല്കുന്ന നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കണം. പാൽ, മുട്ട എന്നി വയുടെ ഉൽപാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. കർഷക രജിസ്ട്രേഷൻ നടപടി എല്ലാ ജില്ലകളിലും വ്യാപിപ്പിക്കണം. റോഡു കളുടെ പണി പൂർത്തിയാക്കുന്നതിന് ഈ ഗവൺമെന്റ് സ്വീകരിച്ച സമീ പനത്തെ അഭിനന്ദിക്കുന്നു. ഗതാഗത യോഗ്യമല്ലാത്ത ഗ്രാമീണ റോഡു കളുടെ പ്രവൃത്തി താൽക്കാലികമായി പി.ഡബ്ല്യു.ഡി ഏറ്റെടുക്കണം. നിയമ വാഴ്ചയെ അംഗീകരിക്കണം.

ശ്രീ. കെ.കുഞ്ഞിരാമൻ (ഉദുമ) : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കാർഷിക മേഖല പൂർണ്ണമായും തകർന്നിരിക്കുകയാണ്. നെൽകൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിന് യാതൊരുനടപടിയും ഈ ഗവൺമെന്റ് സ്വീകരിക്കുന്നില്ല. കേന്ദ്ര സർക്കാർ രാസവളത്തിന് അനിയന്ത്രിതമായി വില വർദ്ധിപ്പിച്ചത് കർഷകരെ ദുരിതത്തിലാഴ്ത്തിയിരിക്കുകയാണ്. സാമ്പത്തിക സഹായം നൽകാത്തതിനാൽ കർഷകർ നെൽകൃഷിയിൽനിന്ന് പിൻമാറുകയും വയലുകൾ തരിശായി കിടക്കുകയുമാണ്. നാളികേര കർഷകരെ സഹായിക്കാൻ ഗവൺമെന്റ് യാതൊന്നും ചെയ്യുന്നില്ലെന്ന് മാത്രമല്ല, കൊപ്ര സംഭരണത്തിന് ചുമതലപ്പെടുത്തിയിരുന്ന കേരഫെഡ് പ്രവർത്തന രഹിതമായിരിക്കുകയാണ്. കഴിഞ്ഞ ഒരു വർഷക്കാലം കേവലം 1600 ടൺ കൊപ്ര മാത്രമാണ് കേരഫെഡ് സംഭരിച്ചത്. കൃഷിഭവനുകളിലെ ഉപദേശക സമിതികൾ കർഷക സംഘടനാ പ്രതിനിധികളെ ഒഴിവാക്കിയാണ് പുന:സംഘടിപ്പിച്ചിരിക്കുന്നത്. ഇറക്കുമതി ചെയ്യുന്ന എണ്ണയുടെ അളവ് കൂട്ടുകയും വെളിച്ചെണ്ണയുടെ വില കുത്തനെ കുറയ്ക്കുകയും ചെയ്തത് നാളികേരകൃഷിയെ സാരമായി ബാധിച്ചിരിക്കുകയാണ് .കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് നടപ്പാക്കിയിരുന്ന കാലിത്തീറ്റ സബ്സിഡി അടക്കമുള്ള പദ്ധതികൾ ഈ സർക്കാർ നിർത്തലാക്കിയതിലൂടെ ക്ഷീരോൽപ്പാദനമേഖല തകർന്നിരിക്കുകയാണ്. പച്ചക്കറികളുടെ വില നിയന്ത്രിക്കാൻ വിപണികളിൽ ഇടപെടാൻ സർക്കാർ തയ്യാറാകണം. കർഷകപ്രതിനിധികളെ ഉൾപ്പെടുത്തി ജനകീയസമിതിയുണ്ടാക്കി പച്ചക്കറി കൃഷി അഭിവൃദ്ധിപ്പെടുത്താൻ നടപടി സ്വീകരിക്കണം. വയനാട്, കാസർഗോഡ് ജില്ലകളിലേക്ക് സ്റ്റേഷനറി സാധനങ്ങൾ ലഭ്യമാക്കാൻ സംവിധാനം ഉണ്ടാക്കുകയും വ്യക്തമായ ഒരു സ്റ്റേഷനറി നയം കൊണ്ടു

വരികയും വേണം. ഉദുമ നിയോജകമണ്ഡലത്തിലെ കാഞ്ഞങ്ങാട്-കാസർഗോഡ് സ്റ്റേറ്റ് ഹൈവേയുടെ ഭാഗം നാലുവരിപ്പാതയാക്കുന്നതിനുള്ള നടപടി ത്വരിതഗതിയിലാക്കണം.

ശ്രീ. പി. എ. മാധവൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കാർഷികോൽപ്പാദനത്തിനും വിപണനത്തിനും സംരക്ഷണം നൽകാൻ ഈ സർക്കാരിന്റെ ഒരു വർഷത്തെ ഭരണം കൊണ്ടുകഴിഞ്ഞു. 12-ാം പഞ്ചവത്സരപദ്ധതിയുടെ അടിസ്ഥാനപരമായ സമീപനമുൾക്കൊണ്ടുകൊണ്ടാണ് കൃഷി ഉൾപ്പെടെയുള്ള അനുബന്ധമേഖലകൾ മുന്നോട്ടുപോകുന്നത്. കോൾകൃഷി വികസനത്തിനായി എടുത്ത നിലപാടുകളിലൂടെ സർക്കാരിന്റെ ജനക്ഷേമകരമായ ഭരണനേട്ടത്തെക്കുറിച്ച് വിലയിരുത്താനാകും. തൃശൂരിലെ കോൾകൃഷി മേഖലയുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടത്തിയ ചർച്ചയിലെടുത്ത തീരുമാനങ്ങൾ പ്രാവർത്തികമാക്കണം. കർഷകർക്ക് ഒരു കിലോ നെല്ലിന് 20 രൂപയെങ്കിലും നൽകാനും സംഭരിക്കുന്ന നെല്ലിന് റൊക്കംപണം നൽകാനും നെല്ല് സംഭരണ കാര്യത്തിൽ വ്യക്തമായ രൂപരേഖ തയ്യാറാക്കാനും നടപടി സ്വീകരിക്കണം. കൊപ്ര സംഭരണത്തിന്റെ കാര്യത്തിൽ സർക്കാരിന്റെ ഭാഗത്തുനിന്നും ഫലപ്രദമായ ഇടപെടൽ ഉണ്ടാകണം. ഓരോ പ്രദേശത്തിന്റെയും വികസന കാര്യങ്ങളിൽ നിഷ്പക്ഷമായ സമീപനം സ്വീകരിച്ചുകൊണ്ടിരിക്കുന്ന പൊതുമരാമത്ത് വകുപ്പിന്റെ നടപടി അഭിനന്ദനാർഹമാണ്. തൃശ്ശൂർ ജില്ലയിലെ വാടാനപ്പിള്ളി-തൃശ്ശൂർ സ്റ്റേറ്റ് ഹൈവേ, തൃശ്ശൂർ-കുറ്റിപ്പുറം നാലുവരിപ്പാതയുമായി ബന്ധപ്പെടുത്തുന്ന ചൂണ്ടൽ-ഗുരുവായൂർ നാലുവരിപ്പാത, തൃശ്ശൂർ-പുല്ലഴി-കണ്ണോത്ത്-വെങ്കിടങ്ങ് പ്രദേശത്തെ ബന്ധപ്പെടുത്തുന്ന റോഡ്,

കേച്ചേരി ജംഗ്ഷൻ വികസനം എന്നിവ ധ്രുതഗതിയിൽ പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം. മണ്ണുത്തി മുതൽ വാളയാർ വരെയുള്ള ആറുവരിപ്പാതയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തണം. റോഡിനിരുവശവുമുള്ള കയ്യേറ്റങ്ങളും പുറമ്പോക്ക് കയ്യേറ്റങ്ങളും ഒഴിവാക്കി റോഡ് നിർമ്മാണം നടത്താൻ നടപടി സ്വീകരിക്കണം. പണിപൂർത്തിയായ റോഡ് വീണ്ടും കുത്തിപ്പൊളിക്കുന്ന പ്രവണത ഒഴിവാക്കാനായി ബന്ധപ്പെട്ട വകുപ്പുകൾ തമ്മിൽ ചർച്ച ചെയ്ത് ആസൂത്രിതമായ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകണം. നിബന്ധനകളില്ലാതെ എല്ലാ കർഷകർക്കും കർഷക പെൻഷൻ ലഭ്യമാക്കാനുള്ള നടപടിയുണ്ടാകണം.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പൊതുമരാമത്ത് വകുപ്പിനെ വളരെ ദിശാബോധത്തോടുകൂടി മുന്നോട്ടുകൊണ്ടുപോകാനും നല്ല നിലവാരത്തിലുള്ള റോഡുകൾ നിർമ്മിച്ച് ജനപക്ഷത്തുനിൽക്കാനും സർക്കാരിന് സാധിച്ചു. റോഡുകളുടെയും പാലങ്ങളുടെയും വികസനത്തിനായി ബഡ്ജറ്റിൽ അനുവദിച്ച തുകയ്ക്ക് പുറമേ ധനകാര്യ വകുപ്പിൽനിന്ന് 1500 കോടി രൂപ അധികമായി ലഭ്യമാക്കി അത് പൂർണ്ണമായും വിനിയോഗിക്കാൻ കഴിഞ്ഞു. പി.ഡബ്ല്യു.ഡി. മാന്വൽ പരിഷ്ക്കരിക്കുകയും ഈ-ടെണ്ടർ സംവിധാനം നടപ്പിലാക്കുകയും ചെയ്തു. സ്റ്റേറ്റ് ഹൈവേയുടെ ഗുണനിലവാരം വർദ്ധിപ്പിക്കണം. വിഴിഞ്ഞം, അഴീക്കൽ തുറമുഖങ്ങളുടെ സാധ്യത കണക്കിലെടുത്ത് കേരളത്തിന്റെ തീരദേശപാത എത്രയുംവേഗം യാഥാർത്ഥ്യമാക്കണം. സ്ഥലമെടുപ്പിനുള്ള കാലതാമസം ഒഴിവാക്കി സ്റ്റാൻഡേർഡ് സ്പെസിഫിക്കേഷനിൽ മാറ്റംവരുത്തി കൃത്യമായ കാഴ്ചപ്പാടോടുകൂടി പൊതുമരാമത്ത് വകുപ്പിനെ മുന്നോട്ടുകൊണ്ടുപോകാനുള്ള ശ്രമങ്ങൾ അഭിനന്ദനാർഹമാണ്. കെട്ടിടനിർമ്മാണ രംഗത്ത്

ഹരിത നിർമ്മാണ നയം ആവിഷ്ക്കരിച്ചിരിക്കുന്നതും പൈതൃക കെട്ടിടങ്ങളും നഗരങ്ങളും നിലനിർത്താനുള്ള സമീപനവും കൺസർവേഷൻ ആർക്കിടെക്ടിൽ വൈദഗ്ദ്യമുള്ള സ്വകാര്യ ആർകിടെക്ച്ചർമാരുടെ പാനൽ തയ്യാറാക്കാനുള്ള തീരുമാനവും സ്വാഗതാർഹമാണ്. ചരിത്രപരമായി പ്രാധാന്യമുള്ള ഏകദേശം പത്തോളം കെട്ടിടങ്ങൾ സംരക്ഷിക്കാനും 5500 കോടി രൂപ മുതൽമുടക്കി 1800 കി.മീ. റോഡ് അന്താരാഷ്ട്ര നിലവാരത്തിൽ നിർമ്മിക്കാനുമുള്ള തീരുമാനം അഭിനന്ദനാർഹമാണ്. വിസ്തൃതി കുറഞ്ഞ കൃഷിഭൂമിയിൽ ഉൽപാദനക്ഷമത വർദ്ധിപ്പിക്കാനുളള കാഴ്ചപ്പാടുണ്ടാകണം. നാളികേര ഉൽപന്നങ്ങളെ മൂല്യവർദ്ധിത ഉൽപന്നങ്ങളാക്കി മാറ്റാനുള്ള പ്രക്രിയയ്ക്ക് ആക്കംകൂട്ടണം. 2012–13 വർഷത്തെ ടെക്നോളജി ട്രാൻസഫർ ഇയറായി പ്രഖ്യാപിച്ചത് സ്വാഗതാർഹമാണ്. ജനിറ്റിക്കലി ടെർമിനേറ്റഡ് സീഡ്സ് രാജ്യത്തും സംസ്ഥാനത്തും എത്തുന്നതിനെതിരെ ജാഗ്രത പുലർത്തണം. അറുപത് വയസ്സുകഴിഞ്ഞ കർഷകർക്ക് 400 രൂപ പെൻഷൻ കൊടുക്കാനുള്ള തീരുമാനം അഭിനന്ദനാർഹമാണ്. കാർഷിക മേഖലയിൽ ആധുനിക ടെക്നോളജി ഉപയോഗപ്പെടുത്തിക്കൊണ്ട് മാറ്റങ്ങൾ വരുത്താൻ സാധിക്കണം. ജലസമ്പത്ത് സംരക്ഷിച്ച് കാർഷിക സന്തുലിതാവസ്ഥ നിലനിർത്താനുള്ള സാഹചര്യം സൃഷ്ടിക്കണം. കെട്ടിട നിർമ്മാണത്തിന് അനുമതി കൊടുക്കുമ്പോൾ മഴവെള്ളം സംഭരിക്കാനുള്ള സംവിധാനം ഏർപ്പെടുത്തണമെന്നതുപോലെ സൗരോർജ്ജം ഉപയോഗിച്ച് വൈദ്യുതി ലഭ്യമാക്കുന്ന സംവിധാനവും നിർബന്ധമാക്കണം.

ശ്രീ. കെ. രാജു: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പൊതുമരാമത്ത് റോഡുകളുടെ അവസ്ഥ ശോചനീയമാണ്. മാംസം, മത്സ്യം, മുട്ട, പാൽ,

നെല്ല് എന്നിവയുടെ ഉൽപാദനം കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തെക്കാൾ കുറഞ്ഞിരിക്കുകയാണ്. ലാഭത്തിൽ പ്രവർത്തിച്ചിരുന്ന ഓയിൽ പാം ഇൻഡ്യാ ലിമിറ്റഡ്, കേരളാ സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ എന്നീ പൊതുമേഖലാ സ്ഥാപനങ്ങളുടെ അവസ്ഥ പരിതാപകരമാണ്. കേന്ദ്രത്തിന്റെ തെറ്റായ സാമ്പത്തിക-കാർഷിക നയങ്ങൾക്കെതിരെ പ്രതികരിക്കണം. സമയബന്ധിതമായി കർഷകർക്ക് സബ്സിഡി ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം. പ്രതിപക്ഷ മെമ്പർമാരുടെ നിയോജകമണ്ഡലങ്ങളിലെ റോഡുകളുടെ നിർമ്മാണ പ്രവൃത്തികൾക്ക് ഫണ്ട് അനുവദിക്കാത്തത് പ്രതിഷേധാർഹമാണ്. നിയോജകമണ്ഡലങ്ങളുടെ പ്രത്യേകതയും വിസ്തൃതിയും കണക്കിലെടുത്ത് നിലവിലുള്ള പി.ഡബ്ല്യു.ഡി. സെക്ഷൻ ഓഫീസുകൾ നിലനിർത്താനും പുതിയവ ആരംഭിക്കാനും കഴിയണം. കരാറുകാർക്കുള്ള കുടിശ്ശിക കൊടുത്തുതീർക്കുന്നതിനും ടാർപ്ലാന്റ് പ്രവർത്തിപ്പിക്കാനാവശ്യമായ മണ്ണെണ്ണ ലഭ്യമാക്കുന്നതിനും എഞ്ചിനീയർമാരുൾപ്പെടെയുള്ള ഉന്നത ഉദ്യോഗസ്ഥർ പണിസ്ഥലത്തുപോയി പരിശോധന നടത്തുന്ന സംവിധാനം ഏർപ്പെടുത്തുന്നതിനും നടപടിയുണ്ടാകണം. ഒ.ഡി.ആർ., ജില്ലാ റോഡുകൾ, സ്റ്റേറ്റ് ഹൈവേകൾ, നാഷണൽ ഹൈവേകൾ എന്നിവയ്ക്ക് ഓട നിർമ്മിക്കണം. റോഡ് നിർമ്മാണത്തിന് കൂടുതൽ തുക അനുവദിക്കണം.

<u>ശ്രീ. സി.പി. മുഹമ്മദ്:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. റോഡ് വികസനരംഗത്തും കാർഷികരംഗത്തും അത്ഭുതാവഹമായ പുരോഗതിയാണ് കഴിഞ്ഞ ഒരു വർഷംകൊണ്ട് കേരളത്തിലുണ്ടായിട്ടുള്ളത്. പി.എം.ജി.എസ്.വൈ.-യുടെ നോംസ് പി.ഡബ്ല്യു.ഡി. മാന്വലിനും കേരളത്തിന്റെ സാഹചര്യങ്ങൾക്കും അനുസൃതമായി മാറ്റി റോഡുകൾ

പുനർനിർമ്മിക്കാൻ സാധിക്കണം. പി.ഡബ്ല്യു.ഡി.-യുടെ ബി.എം.ആന്റ് ബി.സി. വർക്കുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തണം. കേരളത്തിലെ കാലാവസ്ഥയ്ക്കനുസരിച്ച് റോഡ് നിർമ്മാണത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തണം. റോഡുകൾ നിലനിറുത്തുന്നതിൽ നിർണ്ണായകമായ പങ്ക് വഹിക്കാൻ ജനങ്ങളും തയ്യാറാകണം. പൊതുമരാമത്ത് വർക്കുകൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കണം. പാലങ്ങളുടെ പണി റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷനെ ഏൽപ്പിച്ചതിനാൽ സമയബന്ധി മായി പൂർത്തിയാക്കാൻ കഴിയുന്നുവെന്നത് ശ്രദ്ധേയമാണ്. നിസ്സാരകാരണം പറഞ്ഞ് ചില കോൺട്രാക്ടർമാർ റോഡുപണി പൂർത്തി യാക്കാത്ത അവസ്ഥയ്ക്ക് പരിഹാരമുണ്ടാകണം. പട്ടാമ്പി ക്രോസ്‌വേയുടെ പണി അടിയന്തരമായി പൂർത്തിയാക്കണം. വളാഞ്ചേരി-ചെർപ്പുളശ്ശേരി റോഡിന്റെ പണി ബി.എം.ആന്റ് ബി.സി.യിൽ ചെയ്യാനാവശ്യമായ നടപടി സ്വീകരിക്കണം. കാർഷിക രംഗത്ത് മാർക്കറ്റ് റിസർച്ച് ഫലപ്രദമായി നടപ്പിലാക്കാനും നാടൻ നെൽവിത്തിനങ്ങളുടെ സംരക്ഷണത്തിനും ഭക്ഷ്യ സംസ്ക്കാരം വീണ്ടെടുക്കുന്നതിനും നടപടിയുണ്ടാകണം. പൈതൃകമായി ലഭിച്ച വിത്തിനങ്ങളെ സംരക്ഷിക്കാനും ഈ മേഖലയിൽ ബഹുരാഷ്ട്ര കുത്തകകളുടെ കടന്നുകയറ്റം തടയാനും കഴിയണം. പ്രകൃതി, മണ്ണ്, കീടങ്ങൾ എന്നിവയെക്കുറിച്ച് അറിയുന്നവരാണ് കർഷകർ എന്ന വിശ്വാസം അവരിൽ ജനിപ്പിക്കാൻ കഴിയണം. കർഷകപെൻഷൻ 400 രൂപയാക്കി വർദ്ധിപ്പിക്കാനും, നിറവ് പദ്ധതി, മൊബൈൽ വിജ്ഞാനവ്യാപനം, ആത്മ പദ്ധതി, തരിശുഭൂമിയിൽ കൃഷി, അടിസ്ഥാന സൗകര്യവികസനം തുടങ്ങി യവ നടപ്പാക്കാനും ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്. മൃഗസംരക്ഷണരം ഗത്ത് വമ്പിച്ചനേട്ടം കൈവരിക്കാൻ കഴിഞ്ഞു എന്നത് അഭിനന്ദനാർഹമാണ്.

കൃഷിക്കാരന് എങ്ങനെ കൃഷി ആദായകരമായി മുന്നോട്ടുകൊണ്ടുപോകാമെന്നതു സംബന്ധിച്ച ഗവേഷണം ത്വരിതപ്പെടുത്തേണ്ടതാണ്. പച്ചക്കറി കൃഷിയുൽപ്പാദനത്തിൽ സ്വയംപര്യാപ്തത നേടാനാവശ്യമായ പ്രോൽസാഹനം നൽകണം. പ്ലാച്ചിമട കൊക്കക്കോള ഫാക്ടറിക്കെതിരായി പാസ്സാക്കിയ നിയമം ഫലപ്രദമായി നടപ്പിലാക്കാൻ കഴിയണം. ഐക്യ ജനാധിപത്യ മുന്നണി നടപ്പിലാക്കുന്ന സൃഷ്ടിപരമായ പദ്ധതികൾക്ക് പ്രതിപക്ഷം പിന്തുണ നൽകണം.

<u>ശ്രീ. ഇ.പി. ജയരാജൻ</u> : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. നിയമസഭ ചർച്ചചെയ്ത് പാസ്സാക്കുന്ന ധനാഭ്യർത്ഥനപ്രകാരമുള്ള പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള അധികാരം അതാത് വകുപ്പുകൾക്ക് കൊടുക്കണം. കാർഷിക ഉൽപ്പന്നങ്ങൾക്ക് ന്യായവില ലഭ്യമാക്കണം. സംഭരിക്കുന്ന ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്താനുള്ള സംവിധാനം ഏർപ്പെടുത്തണം. വെട്ടിക്കുറച്ച സബ്സിഡിയും മറ്റാനുകൂല്യങ്ങളും കർഷകർക്ക് നേരിട്ട് ലഭ്യമാക്കണം. കർഷകർക്കുള്ള സബ്സിഡി വെട്ടിച്ചുരുക്കിയത് പുനഃസ്ഥാപിക്കണം. കാർഷിക വികസന ബാങ്ക് പലിശ നിരക്ക് വർദ്ധിപ്പിച്ച നടപടി പുനഃപരിശോധിക്കണം. കാർഷികമേഖലയെ ശക്തിപ്പെടുത്താൻ സർക്കാർ ക്രിയാത്മക നടപടി സ്വീകരിക്കണം.. കൃഷിക്കാരെ കടക്കെണിയിലാക്കുന്ന കേന്ദ്രനയങ്ങൾ തിരുത്തണം. കർഷക ആത്മഹത്യ തടയാനും അവരുടെ വരുമാനം വർദ്ധിപ്പിക്കാനും കഴിയണം. കൂടുതൽ നെല്ലുസംഭരണം നടത്താനും കാർഷിക കടാശ്വാസ കമ്മിഷന്റെ പ്രവർത്തനം ശക്തിപ്പെടുത്തി കടക്കെണിയിൽപ്പെട്ടവരെ സഹായിക്കാനും രാസവള വില വർദ്ധനവ് തടയാനും തയ്യാറാകണം. കോടിക്കണക്കിന് രൂപ ചെലവഴിച്ച് പണി ആരംഭിച്ച ജലസേചനപദ്ധതികൾ ലക്ഷ്യത്തിലെത്തിക്കാൻ

കഴിയണം. കൃഷിഭവനുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും കൂടുതൽ പ്രദേശങ്ങളിൽ കൃഷി വ്യാപിപ്പിക്കുകയും ചെയ്യണം. കേരള ത്തിന്റെ പിന്നോക്കാവസ്ഥ പരിഹരിക്കാനുതകുന്ന ശാസ്ത്രീയ കൃഷി രീതികൾ നടപ്പിലാക്കണം. കൃഷിനാശം സംഭവിച്ച കുട്ടനാട്ടിലെ കർഷ കർക്ക് സഹായം നൽകുകയും കുട്ടനാട് പാക്കേജ് ഫലപ്രദമായി നടപ്പി ലാക്കുകയും വേണം. കുട്ടനാടൻ പാടശേഖരങ്ങൾ നികത്തുന്ന ഭൂമാഫി യകളെ നിയന്ത്രിക്കണം. നാളികേരം, പച്ചക്കറി, മുട്ടക്കോഴി എന്നിവയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കണം. പൊതുമരാമത്തുവകുപ്പിൽ ടെണ്ടർ ചെയ്ത വർക്കുകൾ യഥാസമയം നടത്തണം. വർദ്ധിച്ചുവരുന്ന യാത്രാപ്രശ്നം പരി ഹരിക്കാൻ കാലോചിതവും ശാസ്ത്രീയവുമായ രീതിയിൽ റോഡു നിർമ്മിക്കണം. പൊതുമരാമത്ത് വകുപ്പിൽ 5 കോടി രൂപയുടെ പ്രോജക്ട് 5 പ്രവൃത്തികൾക്ക് മാത്രമായി ലിമിറ്റ് ചെയ്തത് പുനഃപരിശോധിക്കണം. പോലീസിനെയും വിജിലൻസിനെയും രാഷ്ട്രീയ താൽപ്പര്യങ്ങൾക്കായി ഉപയോഗിക്കുന്നത് അവസാനിപ്പിക്കണം. കഴിഞ്ഞ സർക്കാരെടുത്ത വിജിലൻസ് കേസുകൾ പിൻവലിക്കുന്നതിലെ ദുരൂഹത വ്യക്തമാക്കണം. സർക്കാരിന്റെ ജനവിരുദ്ധ നയങ്ങൾ ഉപേക്ഷിക്കണം. സംസ്ഥാനത്തെ കാർഷിക-വ്യാവസായിക മേഖലകളെ തകർച്ചയിൽനിന്നും രക്ഷിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>): വിജിലൻസിനെ സർക്കാർ രാഷ്ട്രീയ താൽപ്പര്യങ്ങൾക്ക് വിനിയോഗിക്കുന്നുവെന്ന പ്രസ്താവന അടിസ്ഥാന രഹിതമാണ്. ഒരു കേസ് അന്വേഷണം നടത്തുന്നതിനിടയിൽ മറ്റൊരു കേസ് കണ്ടെത്തിയാൽ അതിനെക്കുറിച്ച് അന്വേഷിക്കാൻ ഇൻവെസ്റ്റിഗേഷൻ

ഏജൻസിക്ക് അധികാരമുണ്ട്. പോലീസിന്റെ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം സത്യസന്ധമായിട്ടാണ് രാഷ്ട്രീയ കൊലപാതക കേസ്സുകൾ അന്വേഷിക്കുന്നത്. കുറ്റക്കാരെ ജനങ്ങളുടെ മുമ്പിൽ കൊണ്ടുവരാൻ പ്രതിപക്ഷം കൂടി സഹകരിക്കണം. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി (<u>ശ്രീ. കെ.പി. മോഹനൻ</u>): ധനാഭ്യർത്ഥന ചർച്ചയുമായി ബന്ധപ്പെട്ട് സഭയിൽ വന്ന ക്രിയാത്മകമായ നിർദ്ദേശങ്ങളും വിമർശനങ്ങളും ഉൾക്കൊണ്ട് കാർഷിക മേഖലയെ സമ്പന്നമാക്കാൻവേണ്ട നടപടികളുമായി ഈ സർക്കാർ മുന്നോട്ടുപോകുന്നതാണ്. എൻഡോസൾഫാൻ ദുരിതബാധിതർക്ക് നഷ്ടപരിഹാരം നൽകാനും നശിപ്പിക്കാനുള്ള എൻഡോസൾഫാൻ സുരക്ഷിതമായി മറ്റൊരു ടാങ്കറിലേയ്ക്ക് മാറ്റുന്നതിനുമാവശ്യമായ തുക അനുവദിച്ചു. എൻഡോസൾഫാൻ ബാധിതരുടെ ആവശ്യങ്ങൾ പൂർണ്ണമായും അംഗീകരിച്ചിട്ടും സമരം അവസാനിപ്പിക്കാത്തത് ഖേദകരമാണ്. കാർഷിക മേഖലയിൽ ഹൈടെക് ഫാമുകൾ ആരംഭിച്ച് കൃഷിയെ പ്രോത്സാഹിപ്പിക്കും. 'നിറവ്' പദ്ധതി ആവശ്യപ്പെടുന്ന എല്ലാ മണ്ഡലങ്ങളിലും അടുത്ത വർഷം നടപ്പിലാക്കും. കാർഷിക വിപണനം ശക്തിപ്പെടുത്തുകയും കിസാൻ ക്രെഡിറ്റ് കാർഡ് എ.ടി.എം. ആക്കി മാറ്റിക്കൊണ്ട് കർഷകരുടെ പെൻഷൻ ഉൾപ്പെടെയുള്ള ധനസഹായം ബാങ്കുവഴി നൽകുകയും ചെയ്യും. എല്ലാ വീടുകളിലും പച്ചക്കറി വിത്തുകിറ്റ് വിതരണം ചെയ്തു. ഈ മാസം വിദ്യാർത്ഥികൾക്ക് വിത്ത് വിതരണം ചെയ്തുകൊണ്ട് അവരെയും ഈ രംഗത്തേയ്ക്ക് കൊണ്ടുവരുന്നതാണ്. സീഡ് വെൻഡിംഗ് മെഷീൻ ബസ്

സ്റ്റാൻഡുകളിലും റെയിൽവേ സ്റ്റേഷനുകളിലും സ്ഥാപിക്കും. ഫാം തൊഴിലാളികളുടെ ശമ്പള പരിഷ്കരണത്തിലൂടെ കൂടുതൽ തുക അവർക്ക് ലഭിക്കുന്നതാണ്. അടുത്ത വർഷംമുതൽ മെച്ചപ്പെട്ട രീതിയിൽ നെല്ല് സംഭരണം നടത്തുന്നതാണ്. വെറ്റില കൃഷിയുടെ വ്യാപനം സംബന്ധിച്ച് ചർച്ച നടത്തി തീരുമാനമെടുക്കും. അടുത്ത വർഷം സംഘങ്ങൾക്ക് സബ്സിഡി കൊടുത്ത് കൊപ്രസംഭരണം നടത്തും. ഇടുക്കി പാക്കേജുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിക്കും. ഈ സാമ്പത്തിക വർഷം രണ്ട് റൈസ് ബയോപാർക്കും നാല് കോക്കനട്ട് ബയോപാർക്കും സ്ഥാപിക്കുന്നതാണ്. തരിശായി കിടക്കുന്ന പുരയിടങ്ങളിൽ പച്ചക്കറി അടക്കമുള്ള കൃഷി വ്യാപിപ്പിക്കും. സംസ്ഥാനത്ത് അഞ്ച് സ്ഥലങ്ങളിൽ അഗ്രിമാളുകൾ സ്ഥാപിക്കും. സ്വകാര്യനിക്ഷേപം ആകർഷിക്കാനായി കാർഷിക സബ്സിഡി അനുവദിക്കും. മൂന്നാറിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഫ്ളോറികൾച്ചർ പാർക്ക് സ്ഥാപിക്കും. ദ്വിതീയ കാർഷികോൽപ്പന്നങ്ങളും ഉപോല്പന്നങ്ങളും അമൂല്യമായ ഔഷധസസ്യങ്ങളും ഉത്പാദിപ്പിക്കുന്ന ഗവേഷണ പദ്ധതികൾ ആരംഭിക്കും. കോൾ നിലങ്ങളിൽ പമ്പിംഗ് സബ്സിഡി അനുവദിക്കുകയും പ്രൊഡക്ഷൻ ഇൻസെന്റീവ് വർദ്ധിപ്പിക്കുകയും ചെയ്യും. കാർഷിക സർവ്വകലാശാലയ്ക്ക് ഗ്രാന്റായി ലഭിക്കുന്ന തുക ഉപയോഗിച്ച് ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കും. ഇടുക്കിയിൽ സ്പൈസസ് പാർക്ക് സ്ഥാപിക്കുകയും കർഷകരുടെ സംശയനിവാരണത്തിനായി കർഷകരക്ഷ, സാന്ത്വനം പദ്ധതികളുടെ പ്രയോജനം വ്യാപിപ്പിക്കുകയും വിഷമുക്ത പച്ചക്കറി ഉല്പാദിപ്പിച്ച് വിതരണം നടത്തുകയൂം ചെയ്യും. കർഷകരെ ജൈവമേഖലയിലേയ്ക്ക് ആകർഷിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. 9.50 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ബയോ റിസോ

ഴ്സസ്–കം–സെന്ററിന്റെ നിർമ്മാണ പ്രവർത്തനം കണ്ണൂരിലെ കൂത്തുപറമ്പിൽ ആരംഭിക്കുന്നതാണ്. കാർഷിക സർവ്വകലാശാല പുറത്തിറക്കിയ അന്താരാഷ്ട്ര നിലവാരമുള്ള വിത്തിനങ്ങളായ 'പൊക്കാളി, പ്രത്യാശ' എന്നിവയുടെ ലഭ്യത കർഷകർക്ക് ഉറപ്പുവരുത്തുന്നതാണ്. കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റിയിൽ മാലിന്യ സംസ്ക്കരണവുമായി ബന്ധപ്പെട്ട സോളിഡ് വേസ്റ്റ്മാനേജുമെന്റിൽ ഒരു വർഷത്തെ ബിരുദാനന്തര ഡിപ്ലോമ കോഴ്സ് നടത്തിവരുന്നു. നടീൽ വസ്തുക്കളുടെ വില്പനയിലൂടെ കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റിയുടെ ആഭ്യന്തര വരുമാനം വർദ്ധിപ്പിക്കാൻ ശ്രമിക്കുന്നതാണ്. കോട്ടയം നിയോജകമണ്ഡലത്തിൽ ഒരു മോഡൽ ആഗ്രോ സർവ്വീസ് സെന്റർ സ്ഥാപിക്കുന്നതാണ്. നെല്ലുൽപാദനം വർദ്ധിപ്പിക്കാനും സംഭരണം ഇരട്ടിയാക്കാനും സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. കേരള ഫീഡ്സ്, ഓയിൽപാം, പ്ലാന്റേഷൻ കോർപ്പറേഷൻ തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കാൻ കഴിഞ്ഞു. കാസർഗോഡ് ജില്ലയിലെ ബദിയടുക്കയിൽ നാടൻ കന്നുകാലി ജനുസുകളുടെ സംരക്ഷണത്തിനായി 100 ലക്ഷം രൂപയുടെയും ആടുവളർത്തൽകേന്ദ്രം തുടങ്ങുന്നതിന് 2.3 കോടി രൂപയുടെയും പദ്ധതി ഏർപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് കന്നുകാലി പ്രജനന നയം കാലോചിതമായി പരിഷ്ക്കരിക്കും. കന്നുകാലി സെൻസസ് ഒക്ടോബറിൽ ആരംഭിക്കുന്നതാണ്. ശാസ്ത്രീയ കന്നുകുട്ടി പരിപാലന പദ്ധതികളിൽ ഉൾപ്പെടുത്തി ഒരു ലക്ഷം കന്നുകുട്ടികൾക്ക് സൗജന്യ നിരക്കിൽ തീറ്റയും ആരോഗ്യ പരിപാലനവും ഇൻഷ്വറൻസും നൽകുന്ന പദ്ധതി നടപ്പിലാക്കും. മൃഗചികിൽസാ സേവനങ്ങൾ കർഷകന്റെ വീട്ടുപടിക്കൽ എത്തിക്കുന്നതിന് മൊബൈൽ സംവിധാനവും പുതിയ സംരംഭകർക്ക്

വിവിധ മേഖലകളിൽ വിദഗ്ദ്ധ പരിശീലനവും നൽകുന്ന സംരംഭകത്വവികസന പരിപാടിയും നടപ്പിലാക്കുന്നതാണ്. ''നഗര പ്രിയ'' പദ്ധതി കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും ഘട്ടംഘട്ടമായി നടപ്പിലാക്കും. കേരള ഫീഡ്സിന്റെ ഉടമസ്ഥതയിൽ കോഴിക്കോട് പുതിയ കാലിത്തീറ്റ ഫാക്ടറി തുടങ്ങുന്നതിന്റെ നടപടികൾ ആരംഭിച്ചു. മെച്ചപ്പെട്ട പ്രവർത്തനം കാഴ്ച വയ്ക്കുന്ന കൃഷി ഉദ്യോഗസ്ഥന്മാർക്കും കൃഷി അസിസ്റ്റന്റുമാർക്കും അവാർഡ് നൽകുന്നതോടൊപ്പം ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർക്കും വെറ്ററിനറി ഡോക്ടർമാർക്കും സർജൻമാർക്കും ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും അവാർഡുകളും നൽകുന്നതാണ്. സംവരണ വിഭാഗത്തിലുള്ള ഡോക്ടർമാരെ ലഭിക്കാത്തതുകാരണം ഒഴിവുള്ള തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സചേഞ്ചുവഴി നിയമനം നടത്തുന്നതാണ്. ആറ് കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന തൃശ്ശൂരിലെ പുതിയ കൃഷി ആഫീസിന്റെ പണി ഉടനെ ആരംഭിക്കുന്നതാണ്. മുട്ട ഉല്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ചെങ്ങന്നൂരിലുള്ള ഹാച്ചറിയെ ശക്തിപ്പെടുത്താനും കണ്ണൂരിലെ കോഴി ഫാമിൽ ഹാച്ചറി ആരംഭിക്കാനും മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയുടെ ഇറച്ചി സംസ്ക്കരണ ശാലകൂടി അവിടെ ആരംഭിക്കാനും തീരുമാനിച്ചിട്ടുണ്ട്. കഴിഞ്ഞ ഓക്ടോബർ 31 വരെ കാർഷിക കടാശ്വാസ കമ്മീഷനിൽ ലഭിച്ച അപേക്ഷകളിന്മേൽ നടപടി സ്വീകരിക്കുന്നതാണ്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത് വകുപ്പു മന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) : ചർച്ചയിലുണ്ടായ നിർദ്ദേശങ്ങളെ സ്വാഗതം ചെയ്യുന്നു. റോഡ് നിർമ്മാണ രംഗത്ത് വലിയൊരു മാറ്റത്തിന് തുടക്കം കുറിക്കാൻ സർക്കാരിന്

കഴിഞ്ഞിട്ടുണ്ട്. റോഡുകളുടെ സ്ഥിതി മെച്ചപ്പെടുത്തുന്നതിന് ബഡ്ജറ്റ് വിഹിതത്തിനുപുറമെ 1200 കോടി രൂപകൂടി അനുവദിക്കുകയുണ്ടായി. സാധാരണ ടാറിംഗ് സമ്പ്രദായം ക്രമേണ അവസാനിപ്പിച്ച് അഞ്ച് വർഷമെങ്കിലും നിലനിൽക്കുന്ന ഗുണനിലവാരമുള്ള റോഡുകളാക്കി മാറ്റുക എന്നതാണ് ഗവൺമെന്റ് നയം. സാമ്പത്തിക പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് ബി.എം. ആന്റ് ബി.സി. അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ഒട്ടുമിക്ക റോഡുകളും ഘട്ടംഘട്ടമായി ആധുനികവൽക്കരിക്കാനാണ് ഉദ്ദേശി ക്കുന്നത്. അതോടൊപ്പം അഞ്ചുവർഷത്തെ പെർഫോമൻസ് ബെയ്സ്ഡ് മെയിന്റനൻസ് കോൺട്രാക്ട് കൂടി ഏർപ്പെടുത്താനാണ് ഗവൺമെന്റ് തീരു മാനിച്ചിരിക്കുന്നത്. തെരഞ്ഞെടുക്കപ്പെട്ട റോഡുകളുടെ ആധുനികവൽക്ക രണത്തിനുവേണ്ടി 5100 കോടി രൂപ മുടക്കുമതലുള്ള പദ്ധതി നടപ്പിലാക്കുന്നതാണ്. റോഡ് ഇൻഫ്രാസ്ട്രക്ച്ചർ കേരള ലിമിറ്റഡ് എന്ന പേരിൽ ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ച് റീഹാബിലി റ്റേഷൻ, അപ്ഗ്രഡേഷൻ എന്നീ രണ്ട് പാക്കേജുകളായാണ് പദ്ധതി നടപ്പാ ക്കുന്നത്. കെ.എസ്.ടി.പി.-യുടെ രണ്ടാംഘട്ട പദ്ധതിക്കായി വേൾഡ് ബാങ്ക് 50 ശതമാനം ചെലവ് വഹിക്കുന്നതാണ്. പെരുമ്പിലാവ്, പട്ടാമ്പി, പെരിന്തൽമണ്ണ റോഡുകൾ ഇ.പി.സി. രീതിയിൽ വികസിപ്പിക്കുന്നതാണ്. പൊതുമരാമത്ത് വകുപ്പിന്റെ സംരംഭങ്ങളായ സംസ്ഥാന റോഡ് വികസന പദ്ധതിക്കും കെ.എസ്.ടി.പി. രണ്ടാംഘട്ട പദ്ധതിക്കുംവേണ്ടി ഒരു കേന്ദ്ര കാര്യാലയം നിർമ്മിക്കുന്നതാണ്. എം.ഡി.ആർ.-ആയി മാറ്റിയ റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ വേൾഡ് ബാങ്കിന്റേയും കേന്ദ്രഗവൺമെന്റിന്റേയും

സംസ്ഥാന ഗവൺമെന്റിന്റേയും ധനസഹായത്തോടെ ആറ് മാസത്തിനകം നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. കോഴിക്കോട് മോണോറെയിൽ പദ്ധതിയുടെ വിശദമായ പ്രോജകട് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിന് ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ മുഖ്യമന്ത്രി ചെയർമാനായി രൂപീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം നഗരറോഡ് വികസന പദ്ധതിക്ക് സമാനമായ രീതിയിൽ കോഴിക്കോടും കൊച്ചിയിലും വികസന പദ്ധതികൾക്ക് തുടക്കമിട്ടിട്ടുണ്ട്. കൊച്ചി നഗരറോഡ് വികസന പദ്ധതി അരംഭിക്കുന്നതോടൊപ്പം കൊല്ലം നഗരത്തിലും പദ്ധതി നടപ്പിലാക്കുന്നതാണ്. ദേശീയ പാതയുടെ വികസനവും വിവിധ ബൈപാസുകളുടെ നിർമ്മാണവും നടത്തുന്നതിനുള്ള നടപടികളിലൂടെ ഈ രംഗത്ത് പുതിയ ഉണർവ്വുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. ആലപ്പുഴ ബൈപാസിന്റെ ചെലവിൽ 50 ശതമാനം സംസ്ഥാന സർക്കാർ ഏറ്റെടുത്ത് എലിവേറ്റഡ് ഹൈവേ നിർമ്മിക്കുന്നതാണ്. വിവിധ നഗരങ്ങളിൽ സ്ത്രീകൾക്കായുള്ള ഇ-ടോയ്ലെറ്റുകൾ സ്ഥാപിക്കുന്നതാണ്. പൊതുമരാമത്ത് വകുപ്പിന്റെ ജെന്റർ ബഡ്ജറ്റിൽ നിന്നുള്ള തുക ഉപയോഗിച്ച് ഈവ്സ് ഓൺ ഇ-ടോയ്ലെറ്റ് പദ്ധതിക്ക് രൂപം നൽകുന്നതാണ്. കോട്ടയം-ചേർത്തല ടൂറിസ്റ്റ് ഹൈവേ പദ്ധതി നടപ്പിലാക്കും. പൊന്നാനി, വെങ്കളം തീരദേശ പാത രണ്ടുവരിപ്പാതയായി വികസിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസിയർ എന്നിവർ നിർബന്ധമായും വർക്ക്സൈറ്റിൽപോയി തയ്യാറാക്കുന്ന ദ്വൈവാര പ്രോഗ്രസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വർക്കിന്റെ പ്രവർത്തനം വിലയിരുത്തുന്നതാണ്. സംസ്ഥാനത്ത് കോർറോഡ് നെറ്റ്വർക്ക് തെരഞ്ഞെടുത്ത് ഗതാഗത പ്രാധാന്യമനുസരിച്ച് കാലോചിതമായി പരിഷ്കരിച്ച് വിക

സിപ്പിക്കാനുദ്ദേശിക്കുന്നു. പരിഷ്ക്കരിച്ച പൊതുമരാമത്ത് മാനുവൽ സംബന്ധിച്ച് കൂടുതൽ മനസ്സിലാക്കുന്നതിന് ആയിരം ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചുകൊണ്ട് 2012 ജൂൺ 15 മുതൽ മൂന്ന് മേഖലകളിലായി ട്രെയിനിംഗ് നടത്തുകയാണ്. ഇതിനായി ട്രെയിനിംഗ് സെന്ററുകൾ സ്ഥാപിക്കുന്നതും നേര്യമംഗലത്ത് നിലവിലുള്ള ട്രെയിനിംഗ് സെന്റർ ആധുനികവത്ക്കരിക്കുന്നതുമാണ്. നഗരങ്ങളിൽ മൾട്ടിസ്റ്റോറീഡ് പാർക്കിംഗ് ഫെസിലിറ്റി സ്ഥാപിക്കുന്നതാണ്. കേന്ദ്ര സഹായത്തോടെ സൗരോർജ്ജം ഉപയോഗിച്ചുള്ള സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കും. ഓക്സ്ബോലാന്റ് ഡെവലപ്മെന്റ് പ്രോഗ്രാമിൽ അതാത് പ്രദേശത്തിന് അനുയോജ്യമായ തരത്തിൽ സാമ്പത്തിക സാധ്യതയുള്ള പരിപാടികൾ നടപ്പാക്കുന്നതും ഏനാത്തിന് സമീപമുള്ള പുത്തൂർകുന്നിൽ പൈലറ്റ് പ്രോജക്ട് സ്ഥാപിക്കുന്നതുമാണ്. കഴക്കൂട്ടം മുതൽ അടൂർ വരെയുള്ള 77 കി.മീ. കെ.എസ്.ടി.പി. റോഡ് പൂർണ്ണമായും സേഫ് കോറിഡോറാക്കാൻ തീരുമാനിച്ചതനുസരിച്ച് അപകട സാധ്യതാപഠനം നടത്തി എല്ലാവിധ സുരക്ഷാനടപടികളും കൈക്കൊള്ളുന്നതും ആവശ്യമെങ്കിൽ സംസ്ഥാനത്തെ മറ്റ് റോഡുകളിലും പദ്ധതി നടപ്പിലാക്കുന്നതുമാണ്. പ്രധാന റോഡുകളിൽ അപകടങ്ങൾ കുറയ്ക്കുന്നതിന്റെ ഭാഗമായി ജംഗ്ഷൻ ഇംപ്രൂവ്മെന്റിന് ഊന്നൽ നൽകുന്നതാണ്. മാധ്യമങ്ങളുടെ സഹകരണത്തോടെ നടപ്പാക്കിയ സാങ്കേതിക പഠനസെമിനാറുകൾ തുടർന്നും നടത്താനുദ്ദേശിക്കുന്നു. ഹിൽഹൈവേ സംബന്ധിച്ച് മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ 26-06-2012-ന് നടത്തുന്ന എം.എൽ.എ.-മാരുടെ യോഗത്തിന്റെ തീരുമാനപ്രകാരം പുതിയ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്. 2011-12 സാമ്പത്തിക വർഷത്തിൽ പൊതുമരാമത്ത് വകുപ്പിൽ

സ്തുത്യർഹമായ സേവനം നടത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ തലങ്ങളിലുള്ള ഉദ്യോഗസ്ഥർക്കും ഒരു മികച്ച വനിതാ എഞ്ചിനീയർക്കും പ്രത്യേകം അവാർഡ് നൽകുന്നതാണ്. വർക്കുകൾക്ക് ചല്ലി ഉപയോഗിക്കുമ്പോഴുള്ള നിബന്ധന 100 ക്യുബിക് മീറ്ററിൽനിന്നും ആയിരം ക്യൂബിക് മീറ്ററായി ഉയർത്തുന്നതാണ്. മാള ടൗൺ ഇംപ്രൂവ്മെന്റ് പ്രോജക്ട് ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതും പുതുതായി വിഭാവനം ചെയ്യുന്ന റോഡ് നയത്തിൽ റോഡുകളുടെ വശങ്ങളിൽ വയ്ക്കുന്ന ബോർഡുകളുടെ കാര്യത്തിൽ നിയന്ത്രണം കൊണ്ടുവരുന്നതുമാണ്. പട്ടാമ്പി ക്രോസ്‌വേ കെ.എസ്.ടി.പി.-യുടെ ഹെവിമെയിന്റനൻസിൽ ഉൾപ്പെടുത്താനും ചെർപ്പുളശ്ശേരി-വളാഞ്ചേരി റോഡ് ബി.എം.ആന്റ് ബി.സി. ചെയ്യാനും തീരുമാനിച്ചിട്ടുണ്ട്. കാസർഗോഡ്-കാഞ്ഞങ്ങാട് റോഡിന്റെ റിപ്പയറിംഗ് ജോലികൾ ഉടൻതന്നെ നടത്തുന്നതാണ്. പ്ലാസ്റ്റിക് റോഡുകൾ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതും കഴക്കൂട്ടം-കോവളം ബൈപ്പാസിന് സ്ഥലംവിട്ടുകൊടുത്തവരുടെ ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതും റോഡുകൾക്കുവേണ്ടി സ്ഥലം സറണ്ടർ ചെയ്യുന്നവർക്ക് പൊതുമരാമത്ത് വകുപ്പിന്റെ പ്ലാൻ പ്രോജക്ടിൽ ഉൾപ്പെടുത്തി സൗകര്യം ചെയ്തുകൊടുക്കുന്നതുമാണ്. ബിൽഡിംഗ് റൂൾസിൽ ഇളവ് അനുവദിക്കുന്നതിന് ഫ്ളോർ ഏരിയ റേഷ്യോ കൂടുതൽ കൊടുക്കാനുള്ള നടപടി സ്വീകരിക്കുന്നതും അതിനായി ഒരു പദ്ധതി ആവിഷ്കരിക്കുന്നതുമാണ്. 100 കോടിയിലധികം രൂപ ചെലവ് വരുന്ന അഴീക്കോട്-മുനമ്പം പാലത്തിന്റെ ഡിസൈൻ ഏതാണ്ട് പൂർത്തിയായിട്ടുണ്ട്. വനംവകുപ്പിന്റെ അനുമതി

ലഭിക്കുകയും ലാന്റ് അക്വിസിഷൻ നടപടി പൂർത്തിയാകുകയും ചെയ്താൽ കണമല പാലത്തിന്റെ നിർമ്മാണം നടപ്പാക്കുന്നതാണ്. ചമ്രവട്ടം പാലത്തിന്റെ ഇരുവശങ്ങളിലുമുള്ള കുപ്പിക്കഴുത്തുകൾ പരിഹരിക്കുന്നതിനും ജംഗ്ഷൻ നവീകരണത്തിനും 70 കോടി രൂപ ചെലവുവരുന്ന പ്രോജക്ട് കൗൺസിലിൽ വച്ച് തീരുമാനമെടുക്കുന്നതുമാണ്. ഭൂമി വിട്ടുകൊടുത്ത വസ്തു ഉടമകൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് റീഹാബിലിറ്റേഷൻ ആന്റ് റീ-സെറ്റിൽമെന്റ് പാക്കേജനുസരിച്ച് 300 കോടി രൂപ ബഡ്ജറ്റിൽ നീക്കിവച്ചിട്ടുള്ളതും ജില്ലാ കളക്ടർമാരുടെ റിപ്പോർട്ട് പ്രകാരം തുക നൽകുന്നതുമാണ്. ഡ്രിക്കിൽ ക്വാളിഫൈഡായ എഞ്ചിനീയേഴ്സിനേയും ഡിസൈനേഴ്സിനെയും ആർക്കിടെക്റ്റ്സിനെയും ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു പാനൽ തയ്യാറാക്കാൻ നടപടിയെടുക്കുന്നതാണ്. കോരപ്പുഴ ബ്രിഡ്ജിന് സമാന്തരമായി രണ്ട് പാലങ്ങൾ നിർമ്മിക്കുന്നതാണ്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ നിരാകരിക്കപ്പെട്ടു.

സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയും കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയും മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയും പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയും അനുവദിക്കണമെന്ന പ്രമേയം 73-നെതിരെ 56 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

<u>അറിയിപ്പ്</u>

<u>വിദ്യാഭ്യാസ വായപ് സംബന്ധിച്ച യോഗം</u>

<u>മി. സ്പീക്കർ:</u> വിദ്യാഭ്യാസ വായ്പ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ച എം.എൽ.എ.-മാരുടെ യോഗം ഇന്ന് വൈകുന്നേരം 5.30-ന് നിയസഭാ കോംപ്ലക്സിലെ V-E കോൺഫറൻസ്ഹാളിൽ വച്ച് കൂടുന്നതാണ്.

സഭ വൈകുന്നേരം 4.39-ന് പിരിഞ്ഞു.

***********